# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR.P14/199/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 31/03/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തളിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR.P14/199/2023 തീയ്യതി: 31/03/2023

## തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 25-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 27-01-2023 | 03-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2023 | 03-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സജിത പി ഐ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുജ ബി എസ് | സെക്രട്ടറി - ഇൻ - ചാർജ് | 01-04-2021 | 06-04-2021 |
| ശ്രീ ഫ്രാൻസിസ് ഒ എം | സെക്രട്ടറി | 07-04-2021 | 27-09-2021 |
| ശ്രീമതി സുധ ജെ | സെക്രട്ടറി | 28-09-2021 | 31-03-2022 |
| ശ്രീമതി ഗ്രേസി എ ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ രാജപ്പൻ പി ജി | അസി.എഞ്ചിനീയർ | 01-04-2021 | 31-05-2021 |
| ശ്രീമതി ബിന്ദു എം യു | അസി.എഞ്ചിനീയർ | 01-06-2021 | 19-11-2021 |
| ശ്രീമതി മേരി ജോൺ സി | അസി.എഞ്ചിനീയർ | 20-11-2021 | 28-11-2021 |
| ശ്രീമതി ശരണ്യ ഇ കെ | അസി.എഞ്ചിനീയർ | 29-11-2021 | 31-03-2022 |
| ഡോ.സഫീർ പി ഐ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.ലിറ്റി ടോം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.അനീഷ് കുമാർ ടി എസ് | വെറ്ററിനറി സർജൻ | 01-04-2021 | 24-12-2021 |
| ഡോ.സന്തോഷ് പി ടി | വെറ്ററിനറി സർജൻ | 25-12-2021 | 31-03-2022 |
| ശ്രീമതി ശ്രീകല എം പി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി ജൂഡി എസ് | വി ഇ ഒ സർക്കിൾ 1 | 01-04-2021 | 30-09-2021 |
| ശ്രീമതി ദിവ്യ ടി ശങ്കർ | വി ഇ ഒ സർക്കിൾ 1 | 01-10-2021 | 27-12-2021 |
| ശ്രീമതി അഫ്സാന | വി ഇ ഒ സർക്കിൾ 1 | 28-12-2021 | 23-03-2022 |
| ശ്രീമതി ദിവ്യ ടി ശങ്കർ | വി ഇ ഒ സർക്കിൾ 1 | 24-03-2022 | 31-03-2022 |
| ശ്രീമതി ദിവ്യ ടി ശങ്കർ | വി ഇ ഒ സർക്കിൾ 2 | 01-04-2021 | 31-03-2022 |
| ശ്രീമതി സുജ ബി എസ് | അസി.സെക്രട്ടറി ഇൻ ചാർജ് | 01-04-2021 | 06-04-2021 |
| ശ്രീമതി മുംതാസ് എ വി | അസി.സെക്രട്ടറി | 07-04-2021 | 31-03-2022 |
| ശ്രീമതി അനിതകുമാരി പി എച്ച് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 30-09-2021 |
| ശ്രീമതി അൻസ അബ്രഹാം | ഐസിഡിഎസ് സൂപ്പർവൈസർ | 01-10-2021 | 08-11-2021 |
| ഒഴിവ് | ഐസിഡിഎസ് സൂപ്പർവൈസർ | 09-11-2021 | 15-11-2021 |

| | | | |
|---|---|---|---|
| ശ്രീമതി ശാലിനി വി | ഐസിഡിഎസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി സ്മിത ജെയിംസ് പി | ഡയറി ഫാം ഇൻസ്റ്റക്ടർ | 01-04-2021 | 12-10-2021 |
| ശ്രീ ആൽവിൻ പി വി | ഡയറി ഫാം ഇൻസ്റ്റക്ടർ | 13-10-2021 | 28-02-2022 |
| ശ്രീമതി സ്മിത ജെയിംസ് പി | ഡയറി ഫാം ഇൻസ്റ്റക്ടർ | 01-03-2022 | 31-03-2022 |
| ശ്രീ അൻസിൽ പി എം | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വാർഷിക കണക്ക് പരിശോധന | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1- 10-1 |
| 12 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 13 | വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 14 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 15 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-10-5 |
| 16 | അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു | 1-10-6 |
| 17 | ലൈബ്രറി സെസ് കിട്ടാനുള്ളത് കണക്കാക്കിയതിലെ വത്യാസം | 1-10-7 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-8 |
| 19 | തൊഴിൽ നികുതി(ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-9 |
| 20 | ബിൽഡിംഗ് പെർമിറ്റ് വരവ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല | 1-10-10 |
| 21 | മുൻകൂർ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 1-10-11 |
| 22 | കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-10-12 |
| 23 | Prior Period തുകകൾക്ക് വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-10-13 |
| 24 | ജേണൽ വൗച്ചറുകൾക്ക് വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-10-14 |
| 25 | റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം-വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-15 |

| | | |
|---|---|---|
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-16 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-17 |
| 28 | പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല | 1-10-18 |
| 29 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-10-19 |
| 30 | "Cheques Deposited But Not Credited" കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-10-20 |
| 31 | " Directly Debited By Bank"ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ് | 1-10-21 |
| 32 | "Directly Credited By Bank"-ബാങ്കുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-10-22 |
| 33 | Income And Expenditure Account പ്രകാരം മിച്ച തുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-10-23 |
| 34 | രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ | 1-11 |
| 35 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയ്ക്ക് വ്യാപാര സംരംഭക ലൈസൻസ് എടുത്തിട്ടില്ല | 1-12 |
| 36 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 37 | ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം അടവാക്കിയിട്ടില്ല | 1-14 |
| 38 | വസ്തുനികുതി കുറവ് നിരക്കിൽ ഈടാക്കുന്നു | 1-15 |
| 39 | യു.എ.നമ്പർ നൽകിയ കെട്ടിടത്തിൽ റിസോർട്ട്, വാണിജ്യം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 40 | ആയുർവേദ സുഖചികിത്സാ കേന്ദ്രത്തെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-17 |
| 41 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 42 | ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 43 | ജി.എസ്.ടി ഈടാക്കിയിട്ടില്ല | 1-20 |
| 44 | കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-21 |
| 45 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-22 |
| 46 | വനിത ഫിറ്റ്നെസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-23 |
| 47 | ഹരിത കർമ്മസേനയ്ക്ക് ട്രോളി, സോർട്ടിംഗ് ടേബിൾ-പദ്ധതി ലക്ഷ്യം | 1-24 |

| | | |
|---|---|---|
| | കൈവരിച്ചില്ല. | |
| 48 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല | 1-25 |
| 49 | പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-26 |
| 50 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-27 |
| 51 | 2020-21 വർഷത്തെ ബിറ്റുമിൻ അധികം വില നൽകൽ - ചെലവ് അംഗീകരിക്കുന്നില്ല | 1-28 |
| 52 | തളിക്കുളം ശ്മശാനം മെയിന്റനൻസ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-29 |
| 53 | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 54 | എസ്.എസ്.കെ വിഹിതം നൽകൽ- അധിക തുക അനുവദിച്ചു | 1-31 |
| 55 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-32 |
| 56 | 4,5 വാർഡുകളിലെ കുടിവെള്ള പദ്ധതി - അപാകതകൾ | 1-33 |
| 57 | വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് ശമ്പളം- സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-34 |
| 58 | ഓൺലൈൻ പഠനത്തിന് സൗകര്യം ഏർപ്പെടുത്താൻ ടി വി വാങ്ങൽ - ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-35 |
| 59 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ് | 1-36 |
| 60 | സാമൂഹ്യക്ഷേമ പെൻഷനുകൾ | 1-37 |
| 61 | എം.സി.എഫി-ലേക്ക് ഹൈഡ്രോലിക് ബെയ്‌ലിംഗ് മെഷീൻ, വെയിംഗ് മെഷീൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-38 |
| 62 | ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങൽ - വഴിസൗകര്യമില്ലാത്ത സ്ഥലം വാങ്ങി - പഞ്ചായത്തിന് അധിക ചെലവ് | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | 2020-21വർഷത്തെ ബിറ്റുമിൻ അധികം വില നൽകൽ - ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 1 /1 | 235061000 | 235239870 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 08.02.2022 | 4 | 216871401 | 233469894 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 30-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11726949 |
| വരവ് | 98027418 |
| ആകെ | 109754367 |
| ചെലവ് | 90442549 |
| നീക്കിയിരിപ്പ് | 19311818 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16992178 | 16992178 | 16287539 | 704639 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 10176327 | 10176327 | 10176327 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12554000 | 12554000 | 8994032 | 3559968 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5187333 | 5187333 | 3632732 | 1554601 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺ ടൈഡ് ഗ്രാന്റ് | 0 | 4953408 | 4953408 | 4464545 | 488863 |
| ടൈഡ് ഗ്രാന്റ് | 0 | 6112606 | 6112606 | 3780110 | 2332496 |

## 1-5 പദ്ധതി അവലോകനം

2021-22 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 234 | 123490912 | 193 | 70234331 | -- | 41 | 82.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3237 | 689947 | 693184 | 693184 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 20642144 | 20642144 | 20642144 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 1611185 | 1611185 | 1611185 | |
| ആകെ | 3237 | 22943276 | 22946513 | 22946513 | 0 |

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2995500 | 145 |
| വിധവാ പെൻഷൻ | 24710500 | 1290 |
| വാർദ്ധക്യകാലപെൻഷൻ | 41205600 | 2338 |
| വികലാംഗ പെൻഷൻ | 5956800 | 314 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1557200 | 84 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 90000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2023 തീയതിയിൽ 12.50 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1317/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

ആഭ്യന്തര നിയന്ത്രണത്തിലെ മറ്റ് പോരായ്മകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-10 വാർഷിക കണക്ക് പരിശോധന

2021-22 വർഷത്തെ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 17/02.02.2023)

### 1- 10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ "ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

തൻവർഷം

റെസിഡൻഷ്യൽ

<table>
<tr><th></th><th>ഡിമാന്റ്</th><th>കളക്ഷൻ</th><th>മുൻകൂർ ക്രമീകരിച്ചത്</th><th>ബാക്കി</th></tr>
<tr><td>"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം</td><td>2449363</td><td>2436386</td><td>27542</td><td>714</td></tr>
<tr><td rowspan="2">വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം</td><td>2449363</td><td>2421048</td><td>41188</td><td>*714</td></tr>
<tr><td>(ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1)</td><td>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45)</td><td>( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)</td><td>*(751 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു</td></tr>
</table>

വസ്തുനികുതി റെസിഡെൻഷ്യൽ ഇനത്തിൽ തൻവർഷവും കുടിശ്ശികയും ചേർത്ത ആകെ തുകയുടെ കാര്യത്തിലേ ഡിമാന്റ്-കളക്ഷൻ+ബുക്ക്അഡ്ജസ്റ്റ്മെന്റ്-അടുത്തവർഷത്തേയ്ക്കുള്ള അഡ്വാൻസ്=ബാലൻസ് എന്ന രീതിയിൽ കൃത്യമാകുകയുള്ളു എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിരിയ്ക്കുന്നത്. തൻവർഷവും

കുടിശ്ശികയും പ്രത്യേകം ഇപ്രകാരം കൃത്യമാകുന്ന രീതിയിലും രജിസ്റ്ററുമായി പൊരുത്തപ്പെടുന്ന രീതിയിലും അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 1-10-3 വസ്തു നികുതി-നോൺ റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3174458 | 2897829 | 105363 | 178675 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3174458 | 2899014 | 105363 | *178675 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(187615 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

വസ്തുനികുതി നോൺറെസിഡെൻഷ്യൽ ഇനത്തിൽ തൻവർഷവും കുടിശ്ശികയും ചേർത്ത ആകെ തുകയുടെ കാര്യത്തിലേ ഡിമാന്റ് – കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് – അടുത്തവർഷത്തേയ്ക്കുള്ള അഡ്വാൻസ് = ബാലൻസ് എന്ന രീതിയിൽ കൃത്യമാകുകയുള്ളു എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിരിയ്ക്കുന്നത്. തൻവർഷവും കുടിശ്ശികയും പ്രത്യേകം ഇപ്രകാരം കൃത്യമാകുന്ന രീതിയിലും രജിസ്റ്ററുമായി പൊരുത്തപ്പെടുന്ന രീതിയിലും അപാകത പരിഹരിയ്ക്കേണ്ടതാണ്.

## 1-10-4 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസി ഡൻഷ്യൽ | 124621 | 104 | 124725 | 123292 | 0 | 123292 | 1725 | -- | 37 | 104 | 141 |
| | നോൺ-റെസി ഡൻഷ്യൽ | 159425 | 19553 | 178978 | 145457 | 1242 | 146699 | 5335 | -- | 8940 | 18310 | 27251 |
| | ആകെ | | | 303703 | | | 269991 | 7060 | -- | 27392 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 303873 | | | 269991 | | | -- | 277330 | 27391 | | |
| | | 19827+124,621+159,425= (2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt. Cess/levies ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 269991 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 269991 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം

ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 277330 രൂപയാണ്. (1242+125017+150792+279) (വൌച്ചർ 42100861, 42100865, 42100870, 42100872 തീ. 31.03.2022)

## 1-10-5 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ തളിക്കുളം ഗ്രാമപഞ്ചായത്തിൽ 276 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരുതവണമാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. (431100101, 431100103/31.03.2022). ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-6 അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 3621 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100873 | 31.03.2022 | 3621 |

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100874 | 31.03.2022 | 1686 |

### 1-10-7 ലൈബ്രറി സെസ് കിട്ടാനുള്ളത് കണക്കാക്കിയതിലെ വത്യാസം

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 751 + 2099 + 187615 + 383931 = 574396 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 27352 (574396/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 27391 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-10-8 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് പ്രതിമാസ ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (18കെട്ടിടങ്ങൾ) | 130100101-Rent From Building | 130,853 | 31.03.2022 | 42100854 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-9 തൊഴിൽ നികുതി(ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല

അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിൽ നികുതി (ട്രേഡേഴ്സ്)

| ഇനം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| തൊഴിൽ നികുതി, രജിസ്റ്റർപ്രകാരം | 42530 | 42530 |
| തൊഴിൽനികുതി, AFSപ്രകാരം | 42530 | 231900 |

### 1-10-10 ബിൽഡിംഗ് പെർമിറ്റ് വരവ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| | തുക | | |
| ബിൽഡിംഗ് പെർമിറ്റ് | 135915 | 135915 | രജിസ്റ്ററിൽ സംക്ഷിപ്തം എഴുതിയിട്ടില്ല |

## 1-10-11 മുൻകൂർ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues - Profession Tax /Inst/trad/prof | 100900 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues - Licence Fees For Factories, Traders, Enterpreneurs And Other Services | 92600 |

## 1-10-12 കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-13 Prior Period തുകകൾക്ക് വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax | 9312 |
| 280800101-Prior Period-Administrative Expenses | -35823 |

## 1-10-14 ജേണൽ വൗച്ചറുകൾക്ക് വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി ഇനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-10-15 റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം-വാർഷിക കണക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

320700204 എന്ന ശീർഷകത്തിൽ റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം വാർഷിക കണക്കുപ്രകാരം 4449010 രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം 5241113 രൂപയുമാണ്. 792103 രൂപയുടെ വത്യാസമുണ്ട്.

### 1-10-16 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-10-17 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7584869 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9429513 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-10-18 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ല

31/3/2021-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

### 1-10-19 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

Punjab National Bank-അക്കൗണ്ട് നമ്പർ – 51210-ൽ Check Issued But Not Cleared ആയിട്ടുള്ളള്ള 41495 രൂപയുടെ കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

### 1-10-20 "Cheques Deposited But Not Credited" കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 138375 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-21 " Directly Debited By Bank"ബാങ്കുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2022 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| Bank | തുക |
|---|---|
| PunjabNational Bank TALIKULAM (4349000100051210) | 13330 |

## 1-10-22 "Directly Credited By Bank"-ബാങ്കുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്

"Directly Credited By Bank" എന്ന ഇനത്തിൽ 67447 രൂപ ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | തുക |
|---|---|
| PunjabNational Bank TALIKULAM (4349000100051210) | 67447 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2021-22-ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-10-23 Income And Expenditure Account പ്രകാരം മിച്ച തുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 182,512,674 |
| ആകെ ചെലവ് (B) | | 178,549,548 |
| മിച്ചം തുക C = A-B | | 3,963,126 |
| Prior Period Income | 9312 | |
| Prior Period Expenditure | (-)35823 | |
| Net Difference Between Prior Period Income And Expenses (D) | 45135 | |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മി ച്ച തുക (E) = C+D | 3,963,126 + 45135 | 4008261 |

എന്നാൽ 3936615 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ

31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ 4008261/- രൂപ തന്നെയാണ്.

| | |
|---|---|
| 31/3/22 ടയൽ ബാലൻസ് പ്രകാരം മിച്ച തുക ക്രമീകരിക്കുന്നതിനു മുമ്പ് 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -10266760 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | 4008261 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -6258499 |

## 1-11 രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ

വെറ്ററിനറി സർജൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് കൈമാറിയ മാനുവൽ രസീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതായി പരിശോധനയിൽ കണ്ടു. ആയതു മൂലം ഈടാക്കിയ തുക നിലവിലുള്ള ചട്ടങ്ങൾ പ്രകാരം യഥാസമയം അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | രസീത് നൽകിയത് | രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|---|---|
| 1. | വെറ്ററിനറി സർജൻ | 3054 | 1 മുതൽ 97 വരെ |
| 2. | വെറ്ററിനറി സർജൻ | 10239 | 3 മുതൽ 71 വരെ |
| 3. | വെറ്ററിനറി സർജൻ | 10239 | 80 മുതൽ 84 വരെ |
| 4. | വെറ്ററിനറി സർജൻ | 10239 | 90 മുതൽ 95 വരെ |
| 5. | വെറ്ററിനറി സർജൻ | 10239 | 99 മുതൽ 100 വരെ |
| 6. | വെറ്ററിനറി സർജൻ | 3058 | 1 മുതൽ 12 വരെ |
| 7. | വെറ്ററിനറി സർജൻ | 3058 | 14 മുതൽ 22 വരെ |
| 8. | വെറ്ററിനറി സർജൻ | 3058 | 25 മുതൽ 27 വരെ |
| 9. | വെറ്ററിനറി സർജൻ | 3058 | 29 മുതൽ 100 വരെ |
| 10. | വെറ്ററിനറി സർജൻ | 3056 | 18 മുതൽ 29 വരെ |
| 11. | വെറ്ററിനറി സർജൻ | 3056 | 52 മുതൽ 100 വരെ |
| 12. | വെറ്ററിനറി സർജൻ | 10240 | 2 മുതൽ 100 വരെ |
| 13. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10243 | 1 മുതൽ 13 വരെ |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് കൈമാറിയ 3040 എന്ന രസീത് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രകാരമുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയ്ക്ക് വ്യാപാര സംരംഭക ലൈസൻസ് എടുത്തിട്ടില്ല

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്തിൽ 92 കെട്ടിടങ്ങൾ സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കി വരുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും നാളിതു വരെയും വ്യാപാര സംരംഭക ലൈസൻസോ തൊഴിൽ നികുതിയോ (സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും) ഈടാക്കിയിട്ടില്ല.

കെട്ടിടത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | മേൽവിലാസം |
|---|---|---|---|
| 1 | 1/286/A | ശിവൻ | കറുത്തുപരൻ ഹൗസ് |
| 2 | 1/286/B | ശിവൻ | കറുത്തുപരൻ ഹൗസ് |
| 3 | 1/286/C | ശിവൻ | കറുത്തുപരൻ ഹൗസ് |
| 4 | 1/286/D | ശിവൻ | കറുത്തുപരൻ ഹൗസ് |
| 5 | 3/217/A | ഫിറോസ്, S/o. മുഹമ്മദലി | കിഴക്കൂട്ട് ഹൗസ് |
| 6 | 3/217/b | ഫിറോസ്, S/o. മുഹമ്മദലി | കിഴക്കൂട്ട് ഹൗസ് |
| 7 | 3/217/c | ഫിറോസ്, S/o. മുഹമ്മദലി | കിഴക്കൂട്ട് ഹൗസ് |
| 8 | 3/217/D | ഫിറോസ്, S/o. മുഹമ്മദലി | കിഴക്കൂട്ട് ഹൗസ് |
| 9 | 3/217/E | ഫിറോസ്, S/o. മുഹമ്മദലി | കിഴക്കൂട്ട് ഹൗസ് |
| 10 | 3/480/B | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 11 | 3/480/C | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 12 | 3/480/D | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 13 | 3/480/E | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 14 | 3/480/F | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 15 | 3/480/G | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 16 | 3/480/H | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 17 | 3/480/I | ഹാരിസ് പി. പി, | പൂവംപറമ്പിൽ |
| 18 | 6/61/C | അശോകൻ കെ. എസ് | കല്ലാട്ട് |
| 19 | 6/61/D | അശോകൻ കെ. എസ് | കല്ലാട്ട് |
| 20 | 6/61/E | അശോകൻ കെ. എസ് | കല്ലാട്ട് |
| 21 | 6/61/F | അശോകൻ കെ. എസ് | കല്ലാട്ട് |
| 22 | 6/61/G | അശോകൻ കെ. എസ് | കല്ലാട്ട് |
| 23 | 6/61/H | അശോകൻ കെ. എസ് | കല്ലാട്ട് |
| 24 | 6/61/I | അശോകൻ കെ. എസ് | കല്ലാട്ട് |
| 25 | 6/61/J | അശോകൻ കെ. എസ് | കല്ലാട്ട് |
| 26 | 6/61/K | അശോകൻ കെ. എസ് | കല്ലാട്ട് |
| 27 | 6/61/L | അശോകൻ കെ. എസ് | കല്ലാട്ട് |
| 28 | 6/61/M | അശോകൻ കെ. എസ് | കല്ലാട്ട് |
| 29 | 6/61/N | അശോകൻ കെ. എസ് | കല്ലാട്ട് |
| 30 | 6/61/O | അശോകൻ കെ. എസ് | കല്ലാട്ട് |
| 31 | 6/61/P | അശോകൻ കെ. എസ് | കല്ലാട്ട് |

| | | | |
|---|---|---|---|
| 32 | 6/61/Q | അശോകൻ കെ. എസ് | കല്ലാട്ട് |
| 33 | 6/61/R | അശോകൻ കെ. എസ് | കല്ലാട്ട് |
| 34 | 6/61/S | അശോകൻ കെ. എസ് | കല്ലാട്ട് |
| 35 | 6/61/T | അശോകൻ കെ. എസ് | കല്ലാട്ട് |
| 36 | 6/61/U | അശോകൻ കെ. എസ് | കല്ലാട്ട് |
| 37 | 6/61/V | അശോകൻ കെ. എസ് | കല്ലാട്ട് |
| 38 | 6/61/W | അശോകൻ കെ. എസ് | കല്ലാട്ട് |
| 39 | 6/61/X | അശോകൻ കെ. എസ് | കല്ലാട്ട് |
| 40 | 6/61/Y | അശോകൻ കെ. എസ് | കല്ലാട്ട് |
| 41 | 6/61/Z | അശോകൻ കെ. എസ് | കല്ലാട്ട് |
| 42 | 6/61/ZA | അശോകൻ കെ. എസ് | കല്ലാട്ട് |
| 43 | 6/61/ZB | അശോകൻ കെ. എസ് | കല്ലാട്ട് |
| 44 | 6/61/ZC | അശോകൻ കെ. എസ് | കല്ലാട്ട് |
| 45 | 6/61/ZD | അശോകൻ കെ. എസ് | കല്ലാട്ട് |
| 46 | 6/61/ZE | അശോകൻ കെ. എസ് | കല്ലാട്ട് |
| 47 | 6/61/ZF | അശോകൻ കെ. എസ് | കല്ലാട്ട് |
| 48 | 6/61/ZG | അശോകൻ കെ. എസ് | കല്ലാട്ട് |
| 49 | 6/61/ZH | അശോകൻ കെ. എസ് | കല്ലാട്ട് |
| 50 | 6/412/A | ഐഷാബി | പടുവിങ്ങൽ |
| 51 | 6/450/A | റിയാസ് | തോപ്പിൽ |
| 52 | 6/450/B | റിയാസ് | തോപ്പിൽ |
| 53 | 6/450/C | റിയാസ് | തോപ്പിൽ |
| 54 | 6/450/D | റിയാസ് | തോപ്പിൽ |
| 55 | 6/450/E | റിയാസ് | തോപ്പിൽ |
| 56 | 6/450/F | റിയാസ് | തോപ്പിൽ |
| 57 | 6/450/G | റിയാസ് | തോപ്പിൽ |
| 58 | 6/450/H | റിയാസ് | തോപ്പിൽ |
| 59 | 7/154/A | മുഹമ്മദലി | പുതിയവീട്ടിൽ |
| 60 | 7/154/B | മുഹമ്മദലി | പുതിയവീട്ടിൽ |
| 61 | 7/154/C | മുഹമ്മദലി | പുതിയവീട്ടിൽ |
| 62 | 7/154/D | മുഹമ്മദലി | പുതിയവീട്ടിൽ |
| 63 | 7/154/E | മുഹമ്മദലി | പുതിയവീട്ടിൽ |
| 64 | 7/154/F | മുഹമ്മദലി | പുതിയവീട്ടിൽ |
| 65 | 7/579/A | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 66 | 7/579/B | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 67 | 7/579/C | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 68 | 7/579/D | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |

| | | | |
|---|---|---|---|
| 69 | | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 70 | 7/579/F | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 71 | 7/579/G | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 72 | 7/579/H | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 73 | 7/579/I | മുഹമ്മദ് ഷാജി, അഭിലാഷ്, സുഹൈൽ മജീദ്, അമീറുദീൻ | മതിലകത്ത് വീട്ടിൽ, പറമ്പത്ത്കണ്ടി പുത്തൻവീട്ടിൽ ഹൗസ്, വത്തേടത്ത് ഹൗസ് |
| 74 | 8/300/A | കോയ കുളങ്കരകത്ത് | രായമരക്കാർ വീട്ടിൽ |
| 75 | 8/300/B | കോയ കുളങ്കരകത്ത് | രായമരക്കാർ വീട്ടിൽ |
| 76 | 8/300/C | കോയ കുളങ്കരകത്ത് | രായമരക്കാർ വീട്ടിൽ |
| 77 | 9/157/A | പി. ആർ രാമചന്ദ്രൻ | പൂരാടൻ |
| 78 | 9/157/B | പി. ആർ രാമചന്ദ്രൻ | പൂരാടൻ |
| 79 | 11/146/G | മുഹമ്മദലി | അറക്കവീട്ടിൽ |
| 80 | 11/146/H | മുഹമ്മദലി | അറക്കവീട്ടിൽ |
| 81 | 11/233/C | ദിലീപ് ടി. എസ് | തൊഴുത്തുപറമ്പിൽ |
| 82 | 11/233/D | ദിലീപ് ടി. എസ് | തൊഴുത്തുപറമ്പിൽ |
| 83 | 12/270/ | ജോസ് S/o. വാറുണ്ണി | വടക്കതല ചക്കനത്ത് |
| 84 | 12/270/A | ജോസ് | വടക്കതല ചക്കനത്ത് |
| 85 | 12/270/B | ജോസ് | വടക്കതല ചക്കനത്ത് |
| 86 | 12/270/C | ജോസ് | വടക്കതല ചക്കനത്ത് |
| 87 | 14/4/C | സന്തോഷ് കുമാർ | ഇത്തിക്കാട്ട് |
| 88 | 14/4/d | സന്തോഷ് കുമാർ | ഇത്തിക്കാട്ട് |
| 89 | 14/220/A | സജീവ് & ചന്ദ്രമതി | കോരിശ്ശേരി ഹൗസ് |
| 90 | 14/220/B | സജീവ് & ചന്ദ്രമതി | കോരിശ്ശേരി ഹൗസ് |
| 91 | 14/220/C | സജീവ് & ചന്ദ്രമതി | കോരിശ്ശേരി ഹൗസ് |
| 92 | 14/220/D | സജീവ് & ചന്ദ്രമതി | കോരിശ്ശേരി ഹൗസ് |

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 21/3.2.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 232, 233 എന്നീ വകുപ്പുകൾ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.

മേൽ സൂചിപ്പിച്ച മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസും തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 വർഷത്തിലെ വ്യാപാര സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതായി കാണുന്നു. വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | വാലത്ത് ഫൈബർ ഇൻഡസ്ട്രീസ് 5/589 | 6 |
| 2. | ബ്രദേഴ്സ് എന്റർപ്രൈസസ് | 9 |
| 3. | ഇ ആൻഡ് കെ സൺസ് ഐസ്ക്രീം വിൽപ്പന 9/225 | 5 |
| 4. | യാമി മിൽ ഫുഡ് പ്രോഡക്ട്സ് 5/ 290 എ | 4 |
| 5. | ധാന്യങ്ങൾ പൊടിച്ച് നൽകുന്ന സ്ഥാപനം 12/171 | 6 |
| 6. | അലുമിനിയം വേൾഡ് ഇന്റീരിയൽസ് 6/545 | 4 |
| 7. | ഡിസയർ ഏജൻസീസ് 7/190 | 5 |
| 8. | ന്യായവില മെഡിക്കൽ സ്റ്റോർ 6/479 | 4 |
| 9. | വാർപ്പ് ബ്രിക്സ് ആൻഡ് ബിൽഡിങ്സ് 14/352 | 6 |
| 10. | സാവ്യാസ് പാം ലീഫ് ക്രിയേഷൻസ് 13/387എ | 5 |
| 11. | സീ വ്യൂ പ്രോൺ ഹാച്ചറീസ് പ്രൈവറ്റ് ലിമിറ്റഡ് 10/187 | 4 |
| 12. | അശോക ഫ്യൂവെൽസ് 6/147എ | 7 |
| 13. | ആയുർവേദ യോഗ സെന്റർ 9/304, 307എ, 303, 304 | 80 |
| 14 | റോഷ് മെഡിക്കൽ 7/576 | 10 |
| 15. | എ.എം.ബ്രിക്സ് 14/169 | 4 |
| 16. | മാളിയേക്കൽ എന്റർപ്രൈസസ് 7/583 | 23 |
| 17. | റോയൽ ഹോംസ് 6/16ബി, 6/17 | 5 |
| 18. | അശോക മിനിമാർട്ട് 6/147 ബി | 4 |
| 19. | ജൻ ഔഷധി മെഡിക്കൽ സ്റ്റോർ 7/319 ഇ | 4 |
| 20. | വീരൻ ടയേഴ്സ് 3/ 17എ | 5 |
| 21. | ആർട്ട് ഡെക്കോ ഡിസൈൻ സ്റ്റുഡിയോ 3/75എ | 5 |
| 22. | സ്മാർട്ട് മൈൻഡ്സ് ഇന്റർനാഷണൽ 3/75ബി, 3/75എഫ് | 4 |
| 23. | ബർസ ഗോൾഡ് ആൻഡ് ഡയമണ്ട്സ് 6/68 ജെ, 6/68 കെ, 6/68എൽ, 6/68എം | 6 |
| 24. | ഉപ്പേരീസ് കേരള 15/18 | 6 |
| 25. | ഐഡിയൽ ഇന്റീരിയർസ് 3/70, 3/71 | 4 |
| 26. | പ്രീമിയർ ടീസർ ട്രേഡേഴ്സ് 4/68 | 6 |
| 27. | ബാദുഷ വുഡ് വർക്സ് 11/453എ | 4 |
| 28. | യൂണിക്കൾ വെർച്വൽ ഇന്റലിജൻസ്, തളിക്കുളം 3/751 ബി, ഡി | 5 |
| 29. | ഹെറിറ്റേജ് ഓട്ടോമൊബൈൽസ് 6/68 ഇ, 6/68ഡി, 6/68എഫ്,6/68ജി, 6/68എച്ച് | 9 |
| 30. | ക്വളിറ്റി ഹോളോബ്രിക്ക്സ് 5/314 | 4 |
| 31. | ഗ്ലോബൽ ഇൻഡസ്ട്രീസ് 14/4 എ | 4 |
| 32. | കൊളോമ്പോ ഹോട്ടൽ 6/591 | 4 |
| 33. | പി.ബ്രിക്സ് 5/199എ | 4 |
| 34. | ബാൻ ക്യ ഗ്രൂപ്പ് 6/450 | 12 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 11 /2.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്ത മേൽ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം അടവാക്കിയിട്ടില്ല

2021 -22 ലെ ഒന്നും രണ്ടും അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു. മറുപടി ലഭ്യമാക്കേണ്ടതാണ്.

ഒന്നാം അർദ്ധ വർഷം

| ക്രമ നമ്പർ | ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | ബാക്കി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1. | അജിത്, കൺസൾട്ടന്റ് ഫിസിഷ്യൻ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 1,49,884 | 1000/- | 1250/- | 250/- |
| 2. | ഹരിദാസ് , അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 1,56,284 | 600/- | 1250/- | 650/- |
| 3. | മനീഷ് ടി.എസ്. തിരുമ്മൽക്കാരൻ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 1,01,593 | 750/- | 1000/- | 250/- |
| 4. | അനൂപ് തിരുമ്മൽക്കാരൻ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 90,262 | 600 | 750/- | 150/- |
| ആകെ ഈടാക്കേണ്ടത് | | | | | 1300/- |

രണ്ടാം അർദ്ധ വർഷം

| ക്രമ നമ്പർ | ജീവനക്കാരന്റെ വിവരം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | ബാക്കി ഈടാക്കേണ്ടത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | അനിത, തിരുമ്മൽക്കാരി , നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 81,839 | 600/- | 750/- | 150/- |
| 2. | അനൂപ്, തിരുമ്മൽക്കാരൻ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 88,322 | 600/- | 750/- | 150/- |
| 3. | ധനന്ദ് മോഹൻ, തിരുമ്മൽക്കാരൻ, നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | 64,558 | 450/- | 600/- | 150/- |
| ആകെ ഈടാക്കേണ്ടത് | | | | | 450/- |

## 1-15 വസ്തുനികുതി കുറവ് നിരക്കിൽ ഈടാക്കുന്നു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം, ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4 (1) ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2) ആം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്നപക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതുപ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികളായി തിരിച്ചതിന് 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ചതുരശ്ര മീറ്ററിന് താഴെ ഉൾപ്പെടുത്തിയാണ് വസ്തു നികുതി ഈടാക്കിയിരുന്നത്.

വിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നിലവിൽ ഉൾപ്പെടുത്തിയ വസ്തു നികുതി നിരക്ക് | നിലവിൽ ഈടാക്കുന്ന വാർഷിക വസ്തു നികുതി (വർദ്ധനവ് /ഇളവ് ഉൾപ്പെടെ) | ചട്ട പ്രകാരം ഈടാക്കേണ്ട വസ്തു നികുതി നിരക്ക് | ഈടാക്കേണ്ട വാർഷിക വസ്തു നികുതി (വർദ്ധനവ് /ഇളവ് ഒഴികെ) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | അബ്ദുൾ ഖാദർ കെ. എ കളപ്പുരക്കൽ | 6/394 എ | 37.15 | 40/- | ₹1780 | 60/- | ₹2229 |
| 2. | | 6/394 ബി | 28.51 | 40/- | ₹1438 | 60/- | ₹1711 |
| 3. | | 6/394 സി | 28.51 | 40/- | ₹1438 | 60/- | ₹1711 |
| 4. | | 6/394 ഡി | 33.21 | 40/- | ₹1592 | 60/- | ₹1993 |

## 1-16 യു.എ.നമ്പർ നൽകിയ കെട്ടിടത്തിൽ റിസോർട്ട്, വാണിജ്യം എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

താഴെ ചേർത്തിരിക്കുന്ന യു. എ. നമ്പർ നൽകിയ കെട്ടിടത്തിൽ റിസോർട്ട്, വാണിജ്യാവശ്യത്തിനുള്ള ഉപയോഗങ്ങൾക്കായി പ്രവർത്തിക്കുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 235 എഎ (5) പ്രകാരം ഇത്തരം കെട്ടിടങ്ങൾ കച്ചവടത്തിനോ, വ്യാപാരത്തിനായോ ഉപയോഗപ്പെടുത്തുവാൻ പാടില്ല എന്ന് നിർദ്ദേശിക്കുന്നുണ്ട്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|---|
| 1. | 489 AUA | 167.48 ച. മീ. | രഞ്ജിത് മാത്യു, കോടോത്തുപറമ്പിൽ | റിസോർട്ട് |
| 2. | 498 AUA | 651 ച. മീ. | രഞ്ജിത് മാത്യു, കോടോത്തുപറമ്പിൽ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റ് , ഹോട്ടൽ ഗോഡൗൺ |

ചട്ടത്തിന് വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. 489 AUA റിസോർട്ടിനോട് ചേർന്നുള്ള 498 AUA എന്ന കെട്ടിടം റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്താതെ നിലവിൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ റെസ്റ്റോറന്റ്, ഹോട്ടൽ ഗോഡൗൺ ൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ആയതിന് കാരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 ആയുർവേദ സുഖചികിത്സാ കേന്ദ്രത്തെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

പഞ്ചായത്ത് പരിധിയിൽ വ്യാപാര സംരംഭക ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ, എന്നിവയോടു കൂടി പ്രവർത്തിക്കുന്ന നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് ലിമിറ്റഡ്, തളിക്കുളം, സീതാറാം ബീച്ച് റിട്രീറ്റ് നമ്പിക്കടവ് റോഡ്, തളിക്കുളം എന്നീ സ്ഥാപനങ്ങൾ 2019-20 മുതൽ ഓഡിറ്റ് കാലയളവിലും 2022-23 വരെയും സ്വകാര്യാശുപത്രികളുടേയു സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ നേടിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ 'ആയുർവേദ സുഖചികിത്സ കേന്ദ്രം' എന്ന ഗണത്തിൽ (വസ്തുനികുതി നിരക്ക് (ച. മീ.) 160/-) ഉൾപ്പെടുത്താതെ റിസോർട്ട് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. ആയതിന്റെ കാരണം ലഭ്യമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/02.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപനഉടമയുടെ പേര് | കെട്ടിട നമ്പർ | വസ്തുനികുതിക്ക് ഉൾപ്പെടുത്തിയ ഗണം നിരക്ക്(ച. മീ.) | തറവിസ്തീർണ്ണം (ച. മീ.) | ഈടാക്കുന്ന വാർഷിക വസ്തുനികുതി |
|---|---|---|---|---|---|---|
| 1. | നാട്ടിക ബീച്ച് ആയുർവേദ ആൻഡ് യോഗ സെന്റർ പ്രൈവറ്റ് | രഞ്ജിത്ത് മാത്യു | 9/294 | റിസോർട്ട് നിരക്ക് 90/- | 147 | ₹15281 |
| | | | 9/295 | റിസോർട്ട് നിരക്ക് 90/- | 74 | ₹7693 |

| | | | | | | |
|---|---|---|---|---|---|---|
| | ലിമിറ്റഡ്, തളിക്കുളം | | 9/296 | റിസോർട്ട് നിരക്ക് 90/- | 74 | ₹7693 |
| | | | 9/297 | റിസോർട്ട് നിരക്ക് 90/- | 74 | ₹7693 |
| | | | 9/298 | റിസോർട്ട് നിരക്ക് 90/- | 74 | ₹7693 |
| 2. | സീതാറാം ബീച്ച് റിട്രീറ്റ് നമ്പിക്കടവ് റോഡ്, തളിക്കുളം | ഡോ. രാമനാഥൻ | 9/303 | റിസോർട്ട് നിരക്ക് 90/- | 216 | ₹20412 |
| | | | 9/304 | റിസോർട്ട് നിരക്ക് 90/- | 171 | ₹16160 |
| | | | 9/304A | റിസോർട്ട് നിരക്ക് 90/- | 92 | ₹8694 |
| | | | 9/305 | റിസോർട്ട് നിരക്ക് 90/- | 92 | ₹8694 |
| | | | 9/306 | റിസോർട്ട് നിരക്ക് 90/- | 92 | ₹8694 |
| | | | 9/307 | റിസോർട്ട് നിരക്ക് 90/- | 92 | ₹8694 |

മേൽ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ, റിസോർട്ട് ഉപയോഗക്രമത്തിൽ നിന്ന് മാറ്റി ആയുർവേദ സുഖചികിത്സ ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 160/- രൂപ നിരക്കിൽ ഈടാക്കേണ്ടതാണ്. 2019-20 മുതൽ നാളിതുവരെ വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണം എന്ന പദ്ധതിയിൽ താഴെപറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്.

| ഗുണഭോക്താവ് | ഇതുവരെ കൈപറ്റിയ തുക |
|---|---|
| അംബികബാബു, കരീപ്പരമ്പിൽ | 40000 |
| മിനിരഞ്ജിത്ത്, പിച്ചിലി വീട് | 40000 |
| ബിനീഷ് കുഞ്ഞുകുട്ടൻ, കരീപറമ്പിൽ | 40000 |
| ഷൈജ്ജ തുമാട്ട് | 200000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ 13/02.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയി മറുപടിയിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ ഒ.ഡി.എഫ് വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണം എന്ന 227/22 നമ്പർ പദ്ധതിയിൽ സോമസുന്ദരൻ, കേളാശ്ശേരി വീട് എന്ന ഗുണഭോക്താവ് ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. ആകെ 15400 രൂപ ഗുണഭോക്താവിന് നൽകുന്ന ഈ പദ്ധതിയിൽ ഗുണഭോക്താവ് ഇതുവരെ 10400 രൂപ കൈപറ്റിയിട്ടുണ്ട്. (വൗച്ചർ നമ്പർ : 22100099/12.10.2021-7000 രൂപ, ബിൽ നമ്പർ : 50/21-22-3400 രൂപ) ഗുണഭോക്താവ് ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ 13/02.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 ജി.എസ്.ടി ഈടാക്കിയിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വണ ഉദ്യോഗസ്ഥയായ ബയോബിൻ വിതരണം എന്ന 137/22 പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ഒന്നിന് 1800 എന്ന നിരക്കിൽ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ നിന്നും 320 ബയോബിന്നുകൾ വാങ്ങിയിട്ടുണ്ട്.

| വൗച്ചർ/ബിൽ നം. | തുക നൽകിയ തിയതി | തുക |
|---|---|---|
| വൗച്ചർ നം. | 22100239/18/11/21 | 259200 |
| ബിൽ നം. | 11/21-22/09/11/21 | 100000 |
| വൗച്ചർ നം. | 22100691/15/3/22 | 57600 |
| ബിൽ നം. | 41/21-22/24/2/22 | 159200 |
| | ആകെ | 576000 |

12% ജി.എസ്.ടി .ഉൾപ്പെടെ ആകെ ഇൻവോയ്സ് പ്രകാരമുള്ള തുകയിൽ നിന്നും ടി.ഡി.എസ് ആയി 2% ജി.എസ്.ടി ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ 13/02.02.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയി മറുപടിയിൽ നിയമ പ്രകാരമുള്ള ജി.എസ്.ടി ഈടാക്കാൻ ശ്രദ്ധിയ്ക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-21 കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പ്രോജക്ട് നം - 99/22

ബിൽ നം - 35/21-22/20.1.22 – 75000

കാൻ തൃശ്ശൂർ എന്ന പദ്ധതി നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിനാണ് തുക കൈമാറിയിരിക്കുന്നത്. കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി -1/30.1.23).

## 1-22 മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കേർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മുഴുവൻ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം./ പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം. /ചെക്ക് നം./വൗച്ചർ നം. | അനുവദിച്ചതുക | നാളിതു വരെ മരുന്ന് ലഭിച്ചത് | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1 | 102/22 ജീവിതശൈലി രോഗങ്ങൾകക് മരുന്ന് വാങ്ങൽ | PRF 6141/24.2.22 | 43/21-22 /19.3.22 Vr No. 22101132/ 31.3.22 | 96092 3908 | 75311 | 24689 |
| 2 | 92/22 സാന്ത്വന പരിചരണ പരിപാടി( പാലിയേറ്റീവ്) | 1.PRF 6142/24.2.22 2.PRF 5693/24.2.22 | 42/21-22 /15.3.22 51/21-22 /26.3.22 45/21-22 /19.3.22 | 119995 4340 420000 | 85982 297205 | 34013 127135 |

മരുന്ന് മുഴുവൻ ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ്

എൻക്വയറി -1/30.1.23).

## 1-23 വനിത ഫിറ്റ്നെസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പ്രോജക്ട് നം. - 91/22

വൗച്ചർ നം. - 22101031/ 14.3.22-84000

പദ്ധതി പ്രകാരം ആർട്കോ യിൽ നിന്നും താഴെപ്പറയുന്ന ഉപകരണങ്ങൾ വനിത ഫിറ്റ്നെസ്സ് സെന്ററിലേക്ക് ക്വട്ടേഷൻ /ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തിരിക്കുന്നത്.

- Threadmill

-Wall Mirror

-AB King Pro (Abdominal Workout)

-Teraband (Resistance Band)

-Yoga Mat

-Twister

Swiss Ball –75cm

-Battle Rop

ജി.ഒ(ആർ ടി) നം. 7/2022/SPD തി. 2.2.22 പ്രകാരം ആട്കോ ഉല്പാദിപ്പിക്കുന്ന ഫർണ്ണിച്ചറുകൾ മാത്രമാണ് ക്വട്ടേഷൻ /ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങാവുന്നത്. മേൽ പ്രകാരമുള്ള ഉപകരണങ്ങൾ നേരിട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല. ആയതിനാൽ തന്നെ മേൽ പ്രകാരം ഫിറ്റ്നെസ്സ് സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. വാങ്ങൽ നടപടികളിൽ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഹരിത കർമ്മസേനയ്ക്ക് ട്രോളി, സോർട്ടിംഗ് ടേബിൾ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം. - 266/22

വൗച്ചർ നം. - XVFC/2021-22/P/ 45/9.3.22 - 100000

XVFC/2021-22/P/ 49/16.3.22 - 9600

അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ട്രോളി, മാലിന്യങ്ങൾ തരം തിരിക്കുന്നതിന് സോർട്ടിംഗ് ടേബിൾ, കൂടാതെ അജൈവ മാലിന്യം ശേഖരിക്കുന്നതിനുള്ള വേസ്റ്റ് ബിൻ, ഗ്രീൻ കാർഡ്, രശീതി എന്നിവ വാങ്ങുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയിരിക്കുന്നു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ട്രോളി, മാലിന്യങ്ങൾ തരം തിരിക്കുന്നതിന് സോർട്ടിംഗ് ടേബിൾ എന്നിവ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചിരുന്നത് പിന്നീട് 28.2.22-ലെ കമ്മിറ്റി തീരുമാനം 10/1 പ്രകാരം അജൈവ ശേഖരിക്കുന്നതിനുള്ള വേസ്റ്റ് ബിൻ, ഗ്രീൻ കാർഡ്, രശീതി എന്നിവ കൂടി ഉൾപ്പെടുത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഭേദഗതി ചെയ്ത പ്രോജക്ടിൽ ഇവ വാങ്ങുന്നതിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല. ട്രോളി, സോർട്ടിംഗ് ടേബിൾ എന്നിവയുടെ വിവരങ്ങൾ മാത്രമാണ് ചേർത്തിരിക്കുന്നത്. വേസ്റ്റ് ബിൻ, ഗ്രീൻ കാർഡ്, രശീതി എന്നിവയുടെ യൂണിറ്റ് വില, അളവ്/എണ്ണം, വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ എന്നിവയൊന്നും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

- ക്വട്ടേഷൻ നടപടികളിലൂടെ ജനത ഫാൻസി ഹൗസ് എന്ന സ്ഥാപനത്തിൽ നിന്നും 89 രൂപ വില വരുന്ന 2000 Laundry Basket ആണ് വാങ്ങിയിരിക്കുന്നത്. ആയത് പ്രകാരം ആകെ ചെലവ് 178000 രൂപയാണ്. 100000 രൂപയ്ക്ക് മേലുള്ള വാങ്ങലിന് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

-ക്വട്ടേഷൻ നോട്ടീസ്/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല.

- ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല.

-പദ്ധതിയിൽ ട്രോളി,സോർട്ടിംഗ് ടേബിൾ എന്നിവ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇവ വാങ്ങിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

- വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/2.2.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും വിഭാവനം ചെയ്ത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനാലും പദ്ധതിയ്ക്കായി ചെലവഴിച്ച 109600 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-25 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ബിറ്റുമിന്റെ അളവ് (Kg) | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|
| 1 | 193/22 -55-ാംനമ്പർ അംഗൻവാടി റോഡ് റീടാറിങ്ങ് | കാർത്തികേയൻ സി. കെ | 50/20-21, 71/2021 | 8/3.8.21 – 46208<br>7/3.8.21 – 98777 | 144985 | RS1 – 91.361<br>VG30 - 827 | 5.761 | 1619 |
| 2 | 194/22 -സ്നേഹ റോഡ് കക്കേരി വളവ് വടക്കുഭാഗം റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | കാർത്തികേയൻ സി. കെ | 22/20-21 | 3/30.7.2021 | 297780 | SS1-466.395<br>RS1-150.89<br>VG30-1102 | 10.14 | 2849 |
| 3 | 187/22 -എടശ്ശേരി സി.എം.എസ് റോഡ് റീടാറിങ്ങ്, കൾവർട്ട് നിർമ്മാണം | കാർത്തികേയൻ സി. കെ | 40/20-21, 54/20-21 | 2/30.7.21 | 333845 | RS1-182.25<br>VG30-1761 | 12.2 | 3428 |
| 4 | 109/22 – ഈണം വടക്ക് റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 100/21-22 | 26/17.1.22 | 191179 | RS1-148.47<br>VG30-1337.01 | 9.31 | 2616 |
| 5 | 116/22 – എസ്.എൻ.കെ. എൽ.പി.സ്കൂൾ | പ്രദീപ് എം. ഡി | 77/2021, 83/21-22 | 25/17.1.2022 | 412951 | RS1-282.78<br>VG30- | 19.5 | 5480 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ഫ്രണ്ട് റോഡ് റീടാറിങ്ങ് | | | | | 2800.1 | | |
| 6 | 142/22 – എരണേഴത്ത് അമ്പലം പടിഞ്ഞാറ് മുതൽ പൊന്നോക്കാരൻ വളവ് റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 81/21 | 24/17.1.22 | 169737 | RS1-111.52<br>VG30-1139.93 | 7.91 | 2223 |
| 7 | 120/22 – ആസാദ് റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 78/21, 80/21 | 23/17.1.2022 | 379434 | RS1-242.83<br>VG30-2533.26 | 17.57 | 4937 |
| 8 | 122/22 – കുന്നത്ത്പള്ളി എം ജെ ലിങ്ക് റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | എം.ഡി.പ്രദീപ് | 60/20-21 | 22/17.1.22 | 273997 | SS1-377.12<br>RS1-122.01<br>VG30-890.81 | 8.45 | 2374 |
| 9 | 110/22 – ശശാങ്കൻ റോഡ് മുതൽ ടവർ റോഡ് വരെ മെറ്റലിങ്ങ്, ടാറിങ്ങ് | എം. ഡി പ്രദീപ് | 6/20-21 | 21/17.1.22 | 566278 | SS1-771.77<br>RS1-249.7<br>VG30-1823.02 | 17.29 | 4858 |
| 10 | 121/22 – എരണേഴത്ത് ആസാദ് ലിങ്ക് റോഡ് റീടാറിങ്ങ് | എം. ഡി പ്രദീപ് | 79/2021 | 20/17.1.22 | 299832 | RS1-192.29<br>VG30-2002.75 | 13.89 | 3903 |
| 11 | 223/22 – ബാലൻ ഡോക്ടർ റോഡ് | യദുകൃഷ്ണൻ കെ. കെ | 85/21-22 | 39/14.2.22 – 20049<br>40/14.2.22 - 219208 | 239257 | SS1-338.61<br>RS1-109.55<br>VG30-799.82 | 7.58 | 2130 |
| 12 | 125/22 – തണ്ടയാംപറമ്പിൽ ക്ഷേത്രം റോഡ് മെറ്റലിങ്ങ്, ടാറിങ്ങ് | ലാലു പി. ആർ | 125/21 | 38/5.2.22 | 441802 | SS1-628.92<br>RS1-203.47<br>VG30-1485.58 | 13.63 | 3830 |
| 13 | 112/22 – ജുമാ മസ്ജിദ് പുതിയങ്ങാടി റോഡ് | പ്രദീപ് എം. ഡി | 103/21 | 37/5.2.22 | 177916 | RS1-171.99<br>VG30-1007.17 | 7.39 | 2077 |
| 14 | 111/22 – GM LP സ്കൂൾ ഐനിച്ചുവട് ലിങ്ക് റോഡ് | പ്രദീപ് എം. ഡി | 108/21 | 36/5.2.22 | 254437 | RS1-168.75<br>VG30- | 11.9 | 3344 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റീടാറിങ്ങ് | | | | | 1713.75 | | |
| 15 | 113/22 - ഐനിച്ചവട് ലിങ്ക് റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 104/21 | 35/5.2.22 | 339208 | RS1-223.12 VG30-2280.43 | 15.83 | 4448 |
| 16 | 115/22 - രവിനഗർ സ്നേഹതീരം റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 106/21 | 34/5.2.22 | 254834 | RS1-168.71 VG30-1714.39 | 11.9 | 3344 |
| 17 | 104/22 - സി എസ് എം പുളിയൻ തുരുത്ത് റോഡ് റീടാറിങ്ങ് | ജൈജു ജയപ്രകാശ് | 110/21, 117/21 | 50/28.2.22-190099 70/27.3.22-120378 | 310477 | RS1-125.36 VG30-1277.75 | 8.88 | 2495 |
| 18 | 126/22-മഹാത്മാ പത്താംകല്ല് റോഡ് ടാറിങ്ങ് പൂർത്തീകരണം | പ്രദീപ് എം. ഡി | 127/21 | 49/17.2.22 | 399208 | SS1-532.57 RS1-172.3 VG30-1257.99 | 11.94 | 3355 |
| 19 | 117/22 - തൊഴുതുപറമ്പിൽ അമ്പലം ജമാ അത്തെ പള്ളി റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 105/21 | 48/17.2.22 | 615639 | RS1-435.26 VG30-4205.98 | 29.35 | 8247 |
| 20 | 118/22 - GMLP സൌത്ത് പുനരധിവാസ കോളനി റോഡ് റീടാറിങ്ങ് | പ്രദീപ് എം. ഡി | 107/21 | 47/17.2.2022 | 280003 | RS1-195.21 VG30-1906.52 | 13.29 | 3734 |
| 21 | 129/22 - തമ്പാൻകടവ് കള്ളുഷാപ്പ് റോഡ് റീടാറിങ്ങ് | ലാലു പി. ആർ | 109/21 | 46/17.2.22 | 449770 | RS1-303.63 VG30-3039.65 | 21.15 | 5943 |
| 22 | 95/22 - ചെഗുവരെ റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | പ്രവീൺ കെ. പ്രേമൻ | 111/2021 | 45/17.2.22 | 297256 | SS1-421.4 RS1-136.34 VG30-995.4 | 9.43 | 2650 |
| 23 | 103/22 - നേതാജി റോഡ് റീടാറിങ്ങും കലുങ്ക് നിർമ്മാണവും | ജൈജു ജയപ്രകാശ് | 63/20-21 | 44/17.2.22 | 488228 | SS1-187.68 RS1-205.14 VG30-1869.03 | 14.13 | 3971 |
| 24 | 140/22 കളാംപറമ്പ് റിങ്ങ് റോഡ് | ജൈജു ജയപ്രകാശ് | 87/21-22 | 43/17.2.22 | 299245 | RS1-201.26 VG30- | 14.05 | 3948 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റീടാറിങ്ങ് | | | | | 2020.48 | | |
| 25 | 87/22- കോട്ടത്തുകാവ് കൈത്തറി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | യദുകൃഷ്ണൻ കെ. കെ | 88/21-22 | 60/18.3.2022 | 122190 | SS1-164.31 RS1-53.16 VG30-388.12 | 3.67 | 1031 |
| 26 | 96/22 – മഹാത്മാ റോഡ് റീടാറിങ്ങ് | യദുകൃഷ്ണൻ കെ. കെ | 112/21 | 59/18.3.22 | 357671 | RS1-259.88 VG30-2499.94 | 17.44 | 4900 |
| 27 | 247/22 – എറണേഴത്ത് അമ്പലം റോഡ് റീടാറിങ്ങ് | വിനീഷ് കെ. വി | 113/2021 | 55/28.2.22-25000/- 63/19.3.22-457638 | 482638 | RS1-303.67 VG30-3036.03 | 21.12 | 5935 |
| 28 | 246/22-കൊപ്രക്കളം പുതിയങ്ങാടി റോഡ് റീടാറിങ്ങ് | വിനീഷ് കെ. വി | 114/21 | 54/28.2.22 – 25000/- 62/19.3.22 – 457606/- | 482606 | RS1-300.35 VG30-3029.44 | 20.2 | 5676 |
| | ആകെ | | | | | | | 105345 |

മുകളിൽ പറഞ്ഞ പ്രകാരം കാലി ബാരൽ വില ഈടാക്കാതിരുന്നതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/1.02.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കാലി ബാരൽ വില 105345 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-26 പ്രവൃത്തി പൂർത്തീകരണം വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012-ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (3%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ - 177/22 – അംഗൻവാടി അറ്റകുറ്റപ്പണി വാർഡ് 8 (സ്റ്റീൽ ഓവർ) അടങ്കൽ - 69599/- | 25.07.2018 | 26.06.2019 | 01.10.2021 | 3292 (7190 – 3898) |

| | | | | | |
|---|---|---|---|---|---|
| | കരാർ തുക – 239677/-<br>കരാറുകാരൻ - പ്രവീൺ കെ പ്രേമൻ<br>എഗ്രിമെന്റ് നം.1/AE /LSGD/TKM /18-19 തീയതി 25.07.2018<br>അളവു പുസ്തകം- 153/21<br>ട്രഷറി ബിൽ നമ്പർ - 72/30.3.2022<br>ചെലവ് തുക – 43309/- (2nd & Final Bill)<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 11 മാസം) | | | | |
| 2 | പ്രോജക്ട് നമ്പർ - 199/22 – 121-ാം നമ്പർ അംഗൻവാടി നടപ്പാലം<br>അടങ്കൽ - 120000/-<br>കരാർ തുക – 101989/-<br>കരാറുകാരൻ - കാർത്തികേയൻ സി കെ<br>എഗ്രിമെന്റ് നം.35/AE /LSGD/TKM /20-21 തീയതി 23.10.2020<br>അളവു പുസ്തകം- 98/2021-22 | 23.10.2020 | 22.10.2021<br>(സ.ഉ.(സാധാ)/.നം.1444 /2021/തസ്വഭവ. തീയതി 31.07.2021 പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം കൂടി നീട്ടിയത് പ്രകാരം) | 02.03.2022 | 3060<br>(3%) |

| | | | | | |
|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ - 64/19.3.2022<br>ചെലവ് തുക – 87855/-<br>(സാങ്കേതിക അനുമതി പ്രകാരം പൂർത്തീകരണ കാലാവധി 6 മാസം) | | | | |
| | ആകെ | | | | 6352 |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/01.02.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ക്രമനമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 3898 രൂപ ഈടാക്കിയിട്ടുണ്ട് എന്നും ബാക്കി തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 199/22 വൈകിയത് നടപ്പാലം നിർമ്മിക്കുന്ന സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച് തർക്കം ഉണ്ടായിരുന്നതിനാലാണ് എന്ന് അറിയിച്ചിരുന്നു. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരണം വൈകുന്ന സാഹചര്യത്തിൽ പിഴയില്ലാതെ കാലാവധി നീട്ടി നൽകുന്നതിന് കരാറുകാരൻ അപേക്ഷിക്കേണ്ടതും അതനുസരിച്ച് കാലാവധി നീട്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ ടി പ്രവൃത്തിയിൽ ഇത്തരം നടപടികൾ സ്വീകരിച്ചിട്ടില്ല എന്നതിനാൽ മറുപടി അംഗീകരിക്കുന്നില്ല. മുകളിൽ പറഞ്ഞ പ്രകാരം 6352 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-27 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2021-22 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ കരാർ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ - 150/22 എം.സി.എഫ് | 07.12.2021 | 21.12.2021 | 03.01.2022 | 1339 |

| | | | | | |
|---|---|---|---|---|---|
| | സെന്റർ മെയിന്റനൻസ്<br>അടങ്കൽ - 150000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>കരാർ തുക –133916<br>കരാറുകാരൻ - ജോർജ് പി എഗ്രിമെന്റ് നം.: 58/AE/LSGD /TKM/2021-22 തീയതി 03.01.2022<br>വൌച്ചർ നമ്പർ – XVFC/2021-22 /P/52/19.3.2022<br>ചെലവ് തുക – 103792 | | | | |
| 2 | പ്രോജക്ട് നമ്പർ - 175/22 ടാഗോർ എൽ പി സ്കൂളിന്റെ തെക്ക് ഭാഗത്തുള്ള രണ്ടാമത്തെ കലുങ്കിന്റെ പടിഞ്ഞാറ് തോട് സൈഡ് കെട്ടി സംരക്ഷിക്കൽ<br>അടങ്കൽ - 194000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>തനത് - 5865<br>കരാർ തുക –178451<br>കരാറുകാരൻ - ജോർജ് പി എഗ്രിമെന്റ് നം.: 54/AE/LSGD /TKM/2021-22 തീയതി 03.01.2022<br>വൌച്ചർ നമ്പർ – XVFC/2021-22 /P/27/4.3.2022<br>ചെലവ് തുക – 199865 | 07.12.2021 | 21.12.2021 | 03.01.2022 | 1785 |
| 3 | പ്രോജക്ട് നമ്പർ - 164/22 കൈതക്കൽ നാലകത്ത് മുഹമ്മദുണ്ണി വീട് പരിസരം പൊതു തോട് സൈഡ് കെട്ടി സ്ലാബിടൽ | 07.12.2021 | 21.12.2021 | 03.01.2022 | 1785 |

| | | | | | |
|---|---|---|---|---|---|
| | അടങ്കൽ - 200000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) കരാർ തുക –178472.53 കരാറുകാരൻ - ജോർജ് പി എഗ്രിമെന്റ് നം.: 55/AE/LSGD /TKM/2021-22 തീയതി 03.01.2022 വൗച്ചർ നമ്പർ – XVFC/2021-22 /P/23/21.2.2022 ചെലവ് തുക – 195494 | | | | |
| | ആകെ | | | | 4909 |

മുകളിൽ പറഞ്ഞു പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 9/1.02.2023 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഉത്തരവാദികളിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-28 2020-21 വർഷത്തെ ബിറ്റുമിൻ അധികം വില നൽകൽ - ചെലവ് അംഗീകരിക്കുന്നില്ല

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 217/22 പ്രകാരം “2020-21 വർഷത്തെ ബിറ്റുമിൻ അധിക വില നൽകൽ” എന്ന പ്രോജക്റ്റിനായി തനത് ഫണ്ടിൽ നിന്നും വൌച്ചർ നമ്പർ 22100105/16.10.2021 പ്രകാരം 407481 രൂപ ചെലവഴിച്ചിട്ടുണ്ട്. കാർത്തികേയൻ സി. കെ എന്നയാളുടെ അക്കൌണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. പ്രോജക്റ്റ് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/31.1.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. 2020-21 സാമ്പത്തിക വർഷത്തിൽ ബിറ്റുമിൻ വർക്കുകൾ ചെയ്ത കരാറുകാരുടെ എണ്ണം.

2. കാർത്തികേയൻ സി. കെ എന്ന കരാറുകാരന് മാത്രം ബിറ്റുമിന്റെ അധിക വില അനുവദിച്ചതിന്റെ കാരണം.

3. ബിറ്റുമിന്റെ അധിക വില കണക്കാക്കുന്നതിന് ആധാരമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ്, ടെണ്ടർ, ബിറ്റുമിൻ വാങ്ങിയ ഇൻവോയ്സ് എന്നിവ.

4. ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് വർക്കുകളുടെ ടെണ്ടർ പരസ്യത്തിൽ ബിറ്റുമിന്റെ അധിക വില കരാറുകാർക്ക് നൽകുന്നതാണ് എന്ന് ചേർത്തിരുന്നോ എന്ന വിവരം.

5. കരാറുകാരുമായുള്ള എഗ്രിമെന്റിൽ ബിറ്റുമിന്റെ അധിക വില പഞ്ചായത്ത് നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നോ എന്ന വിവരം.

മുകളിൽ പറഞ്ഞ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സി. കെ കാർത്തികേയൻ എന്ന കരാറുകാരൻ മാത്രമാണ് 2020-21 വർഷത്തെ ബിറ്റുമിൻ പ്രവൃത്തികൾ ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടറിലും റീ-ടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടപ്പാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും ഏതാനും ചില പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ്, ക്വട്ടേഷൻ എന്നിവയുടെ പകർപ്പും ഓഡിറ്റിൽ ഹാജരാക്കി. എന്നാൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ മുഴുവൻ രേഖകളും ഹാജരാക്കിയില്ല. പ്രവൃത്തികളുടെ അളവു പുസ്തകം, വർക്ക് ഫയലുകൾ എന്നിവ ഹാജരാക്കിയില്ല. 28.09.2020-ലെ 5/AE/LSGD/TKM/20-21 നമ്പറിലുള്ള തളിക്കുളം ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ ക്വട്ടേഷൻ പരസ്യത്തിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ കരാറുകാർ ഹാജരാക്കണമെന്നും ബില്ലിലെ തുക കരാറുകാർ ക്വാട്ട് ചെയ്ത് അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതലായാലും കുറവായാലും അംഗീകരിക്കപ്പെട്ട നിരക്ക് മാത്രമേ

നൽകുകയുള്ളൂ എന്നും ചേർത്തിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായിട്ടാണ് ബിറ്റുമിന്റെ മാർക്കറ്റ് വിലയും എസ്റ്റിമേറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസം കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. മാത്രമല്ല ബിറ്റുമിന് മാർക്കറ്റ് റേറ്റ് അനുവദിക്കുന്നത് സംബന്ധിച്ച വിവരം ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തുകയും അതനുസരിച്ച് കരാറുകാർക്ക് പ്രവൃത്തിയുടെ നിരക്ക് ക്വാട്ട് ചെയ്യാൻ അവസരം ലഭിക്കുകയും ചെയ്താൽ മാത്രമേ ഇത്തരത്തിൽ ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് അനുവദിക്കുന്നതിന് യുക്തിയുള്ളൂ. കരാറുകാരനുമായുള്ള എഗ്രിമെന്റിലും ബിറ്റുമിന് മാർക്കറ്റ് നിരക്ക് അനുവദിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ചേർത്തിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നത് സംബന്ധിച്ചാണ് കരാറിൽ വ്യവസ്ഥകൾ ചേർത്തിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായും, കരാറിൽ ഒരിടത്തും ബിറ്റുമിന്റെ മാർക്കറ്റ് വില അനുവദിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യാതെയും, പ്രവൃത്തികളുടെ കരാറിൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ട് എഗ്രിമെന്റ് വച്ച് പ്രവൃത്തി പൂർത്തീകരിച്ച് പ്രതിഫലം കൈപ്പറ്റി ഒരു വർഷം കഴിഞ്ഞ് എസ്റ്റിമേറ്റ് നിരക്കും മാർക്കറ്റ് വിലയും തമ്മിലുള്ള വിലവ്യത്യാസമായി 407481 രൂപ കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല എന്നതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-29 തളിക്കുളം ശ്മശാനം മെയിന്റനൻസ് - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്ട് നം - 168/22

വൗച്ചർ നം - XVFC/2021-22/P/44 /9.3.22- 100000

XVFC/2021-22/P/43/9.3.22 - 62000

തളിക്കുളം ശ്മശാനത്തിന്റെ വാർഷിക അറ്റകുറ്റപ്പണിയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതി പ്രകാരം ശ്മശാനത്തിന്റെ പെയിന്റിംഗ് പ്രവൃത്തിയാണ് നടത്തിയിരിക്കുന്നത്. എ ഇ തയ്യാറാക്കിയ എസ്റ്റ്മേറ്റ് പ്രകാരം 162000 രൂപയാണ് എസ്റ്റിമേറ്റ് തുക. ടെണ്ടർ ക്ഷണിച്ചതിൻ പ്രകാരം എസ്റ്റിമേറ്റ് തുകയ്ക്ക് ശരത്, വട്ടംപറമ്പിൽ, അന്തിക്കാട് എന്നയാൾക്കാണ് ടെണ്ടർ ലഭിച്ചത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

-നിർമ്മാണ പ്രവൃത്തികളുടെ പ്രൊജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണെന്നിരിക്കെ നിർവ്വഹണം നടത്തിയിരിക്കുന്നത് സെക്രട്ടറിയാണ്.

-ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

-പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായതായി കാണുന്നില്ല.

- എം. ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

- വർക്ക് ബില്ലുകൾ ഹാജരാക്കിയിട്ടില്ല.

- തുക മുഴുവനായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/2.2.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്തതിനാലും മേൽ പ്രകാരമുള്ള രേഖകളുടെ അഭാവത്തിലും ചെലവ് തുക 162000 ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-30 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പേരിൽ തൻവർഷം സെക്രട്ടറി രണ്ട് പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. - 156/22

വൗച്ചർ നം. - XVFC/2021-22/P/ 10/16.12.22- 201657

XVFC/2021-22/P/ 29/4.3.22- 1048343

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എക്സ്റ്റെൻഷൻ ചെയ്യുന്നതിന് തൃപ്രയാർ, തളിക്കുളം ഡിവിഷനുകളിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- 201657 രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിരിക്കുന്നത്.

- 1663638.34. രൂപയുടെ ഒരു എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതു അസി. എക്സി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, തളിക്കുളം ഒപ്പ് വെച്ച് ആധികാരികമാക്കിയതല്ല.

- അസി. എഞ്ചിനീയർ കെ.എസ്.ഇ.ബി തളിക്കുളത്തിന് സെക്രട്ടറി 15.2.22 ന് നൽകിയ കത്തിൽ കെ.എസ്.ഇ.ബി തൃപ്രയാർ ഡിവിഷനിൽ നിന്നും ലഭിച്ച ഡിമാന്റ് തുകയായ 201657 രൂപ തൃപ്രയാർ സെക്ഷനിലേക്ക് അയക്കുന്നതിന് പകരം തളിക്കുളം സെക്ഷനിലേക്ക് തെറ്റായി അയച്ചു എന്നും ആയത് തിരികെ തൃപ്രയാർ സെക്ഷനിലേക്ക് അയക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

- പ്രവൃത്തിയുടെ വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2)പ്രോജക്ട് നം. - 281/22

ബിൽ നം. 51/21-22 /16.3.22 – 302405 (CFC)

വൗച്ചർ നം. - 22101026/ 14.3.22 - 305274 (Plan)

22100695/15.3.22 - 7616

പ്രോജക്ട് നം. - 156/22പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് തുകയായ 1663638.34 രൂപയിൽ ബാക്കി അനുവദിക്കാനുള്ള തുക അനുവദിക്കുന്നതിനുവേണ്ടിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/2.2.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 എസ്.എസ്.കെ വിഹിതം നൽകൽ- അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥ - എച്ച്.എം

പ്രോജക്ട് നം. – 59/22

വൗച്ചർ നം. - 22100566/26.8.21 – 800000

എസ്.എസ്.കെ-യുടെ 12.7.21-ലെ ബി -123/എസ്.എസ്.കെ തൃശ്ശൂർ/21-22 കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് തുക 30.669 ലക്ഷം രൂപയാണ് ആയത് പ്രകാരം പഞ്ചായത്തിനോട് അടവാക്കാൻ ആവശ്യപ്പെട്ട 12.268 ലക്ഷം രൂപയിൽ മേൽ പ്രകാരം 800000 രൂപയാണ് പദ്ധതി പ്രകാരം സ്റ്റേറ്റ് പ്രോജക്ട് ഓഫീസർ എസ്.എസ്.കെ-യ്ക്ക് കൈമാറിയിരിക്കുന്നത്. കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം 30.4.22 ന് ലഭ്യമാക്കിയതിൽ ആകെ ചെലവ് 15.260 ലക്ഷം രൂപയാണ്. ഇത് പ്രകാരം പഞ്ചായത്ത് നൽകേണ്ടുന്ന തുക 610400 (1526000x40/100) രൂപയാണെന്നിരിക്കെ 189600 രൂപ അധികം അനുവദിച്ചിട്ടുണ്ട്. അധികം അനുവദിച്ച തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം, രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. /പദ്ധതിയുടെ വിവരം | തുക കൈമാറിയ സ്ഥാപനം | ബിൽ നം./ വൗച്ചർ നം. /തിയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 3/22<br>ഐ.കെ.എം-ന് വിഹിതം നൽകൽ | ഐ.കെ.എം | 1)22100759/ 20.9.21<br>2)22100010/17.9.21 | 73000<br>22880 | - |
| 2 | 91/22 | കുടുംബശ്രീ | 22100508/ 21.6.21 | 98700 | - |

| | | | | | |
|---|---|---|---|---|---|
| | എ.ബി.സി ഫണ്ട് കൈമാറൽ | ജില്ലാ മിഷൻ കോർഡിനേറ്റർ | | | |

വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 7/1.2.23)

## 1-33 4,5 വാർഡുകളിലെ കുടിവെള്ള പദ്ധതി - അപാകതകൾ

4,5 വാർഡുകളിലെ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് തൻവർഷം 3 പദ്ധതികളാണ് നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതികളുടെ നടത്തിപ്പുകളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതികളുടെ വിശദാംശങ്ങൾ | അപാകതകൾ |
|---|---|---|
| 1 | 4, 5 വാർഡുകളിൽ കുടിവെള്ള വിതരണത്തിന് വാട്ടർ ടാങ്ക് സ്ഥാപിക്കൽ<br>പ്രോജക്റ്റ് നം. -260/22<br>വൗച്ചർനം.-<br>(1)XVFC/2021-22/P/22/18.2.22 - 510000<br>(2)XVFC/2021-22/P/24/4.3.22-690000<br>(3) 22101110/31.3.22-5575<br>(4)XVFC/2021-22/P/66/10.3.22-894425 | 4, 5 വാർഡുകളിൽ കുടിവെള്ള വിതരണത്തിന് വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിന് 16.2.22ലെ ഇരിങ്ങാലക്കുട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യപ്രകാരമാണ് മേൽ തുകകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. 28.2.22ന് 23/2021-22ാം നമ്പറായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ആയത് പ്രകാരം 30.11.22 നകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. |
| 2 | 4,5 വാർഡുകളിലെ മിനികുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ<br>പ്രോജക്റ്റ് നം - 279/22<br>വൗച്ചർ നം -22101027/14.3.22 – 253000 | രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി രൂപീകരിച്ച കുടിവെള്ള പദ്ധതി രൂപീകരണത്തിനായി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് പദ്ധതി. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 3 | 4,5 വാർഡുകളിലെ മിനികുടിവെള്ള പദ്ധതി പൂർത്തീകരണം<br>പ്രോജക്റ്റ് നം - 159/22<br>വൗച്ചർ നം - XVFC/2021-22 /P/6/8.11.21 – 42000 (CFC) | 2016-17 വർഷത്തിൽ പ്രൊജക്റ്റ് വെച്ച് തുക ഡെപ്പോസിറ്റ് ചെയ്യുകയും പദ്ധതി വൈകിയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കാൻ കേരള വാട്ടർ അതോറിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കാൻ നടപ്പിലാക്കിയ പദ്ധതിയാണിത്. 26.4.21 ന് കേരള വാട്ടർ അതോറിറ്റിയുടെ എ6- 2729/17കത്ത് പ്രകാരം പ്രവൃത്തി കരാറുകാരൻ 10% കൂടുതലിനാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരിക്കുന്നത് എന്നും പ്രവൃത്തി |

| | | | |
|---|---|---|---|
| | | | പൂർത്തീകരണത്തിനായി 10% അധിക തുകയായ 42000 രൂപ അനുവദിക്കുന്നതിനും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരമുള്ള തുക അനുവദിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് എൻക്വയറി (10/2.2.23) നൽകിയതിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ട തും കൂടാതെ താഴെ ചൂണ്ടി കാണിച്ചിട്ടുള്ള അപാകതകൾക്ക് മറപടി ലഭ്യമാക്കേണ്ടതുമാണ്.<br>- 2016-17വർഷത്തിൽ രൂപീകരിച്ച പദ്ധതി പ്രകാരം എത്ര രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നത് ?<br>- 2016-17 വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കണം<br>- 2021-22വർഷത്തിൽ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br>- 2016-17 വർഷത്തെ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.<br>- പദ്ധതി നടപ്പിലാക്കാൻ വൈകിയതിന് വാട്ടർ അതോറിറ്റി വിശദീകരണം ലഭ്യമാക്കിയിരുന്നുവെങ്കിൽ ആയത് ലഭ്യമാക്കണം<br>- തുക ഡെപ്പോസിറ്റ് ചെയ്തിട്ടും KWAയുടെ ഭാഗത്തു നിന്നും ഉണ്ടായ അനാസ്ഥമൂലമാണോ പദ്ധതി നടപ്പിലാക്കാതിരുന്നത് അപ്രകാരമാണെങ്കിൽ പഞ്ചായത്ത് വീണ്ടും തുക നൽകേണ്ടതില്ല. ഇത് സംബന്ധിച്ച് കരാറിൽ വ്യവസ്ഥയുണ്ടായിരിക്കേണ്ടതാണ്.കരാർ ചമച്ച് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല എങ്കിൽ അത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ വലിയ വീഴ്ചയാണ്.<br>- KWA യുമായുള്ള നിലവിലെ കരാറിൽ 30.11.22നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ

പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ് (എൻക്വയറി നം -10/2.2.23).

## 1-34 വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് ശമ്പളം- സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രോജക്റ്റ് നം. - 78/22

വൗച്ചർ നം. - 22100500/ 28.5.21-12000

- 221009891/ 6.1.22 -24000

- 221009959/ 7.2.22 -12000

- 22101013/ 2.3.22 -12000

വനിത ഫിറ്റ്നസ് സെന്റർ ട്രെയിനർക്ക് വേതനം എന്ന പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്ന് മേൽ പ്രകാരം 60000 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് 22/2018/ത.സ്വ.ഭ.വ തീ. 14.02.18 ഖ. 8.10 പ്രകാരം പ്രോജക്റ്റിൽ തുക വകയിരുത്തി ഫിറ്റ്നസ് ട്രെയിനർക്ക് വേതനം നൽകുന്നതിന് നിർദ്ദേശമില്ല. പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിൽ ട്രെയിനർക്ക് വേതനം നൽകുന്നതിനുള്ള വ്യവസ്ഥ ഇല്ല, അതിനാൽ ചെലവ് തുക 60,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി -7/1.2.23)

## 1-35 ഓൺലൈൻ പഠനത്തിന് സൗകര്യം ഏർപ്പെടുത്താൻ ടി വി വാങ്ങൽ - ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്റ്റ് നം. - 258/22

വൗച്ചർ നം. - 22101032/14.3.22 – 41600

പദ്ധതി പ്രകാരം ഓൺലൈൻ പഠനത്തിന് സൗകര്യം ഏർപ്പെടുത്താൻ ടി വി വാങ്ങുന്നതോടൊപ്പം 16 വാർഡുകളിൽ ഓരോ അംഗൻവാടികളിൽ കേബിൾ കണക്ഷൻ നൽകിയതിന് 2000 രൂപ നിരക്കിൽ 32000 രൂപയും പ്രതിമാസ വാടക 50 രൂപ നിരക്കിൽ 800 രൂപ ഒരു വർഷത്തേയ്ക്ക് 9600 രൂപയും ഉൾപ്പടെ 41600 രൂപയുടെ ചെലവ് എർത്ത് വർക്ക് കേബിൾ നെറ്റ് വർക്ക് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം ജെം മുഖേന ഒരു ടി വി മാത്രമാണ് വാങ്ങിയിരിക്കുന്നത്. ഏതെല്ലാം അംഗൻവാടികൾക്കാണ് കണക്ഷൻ അനുവദിച്ചത് എന്ന വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ മേൽ പ്രകാരമുള്ള പ്രവൃത്തിയ്ക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (10/2.2.23) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-36 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്

പ്രോജക്റ്റ് നം. 39/22

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഫിഷറീസ് ഇൻസ്പെക്ടർ

അടങ്കൽ – 160000

ചെലവ് -159432 വൗച്ചർ നം. – 22101042/15.3.22

2021-22 സാമ്പത്തിക വർഷത്തിലെ മേൽ പദ്ധതി നടത്തിപ്പിലേയ്ക്ക് നാല് ലാപ് ടോപ് ലഭ്യമാക്കുന്നതിനായി കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിന് 159432 രൂപ നല്കിയിട്ടുണ്ട്. വിതരണ രജിസ്റ്ററിൽ അക്ഷര ഹരിദാസൻ, മാനസി വിക്രമൻ എന്നിവർക്ക് മാത്രമാണ് ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നത്. ലാപ് ടോപ്പ് കൈപ്പറ്റിയവരുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എന്ക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (14/2.2.23).

ലാപ് ടോപ് നല്കിയതിന്റെ മുഴുവൻ രേഖകളും ഓഡിറ്റിൽ ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 സാമൂഹ്യക്ഷേമ പെൻഷനുകൾ

ഗ്രാമ പഞ്ചായത്തിൽ താഴെ പറയും പ്രകാരം സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നു.

| ക്രമ നം. | | |
|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 2338 |
| 2 | വാർദ്ധക്യകാല പെൻഷൻ | 1290 |
| 3 | വികലാംഗ പെൻഷൻ | 84 |
| 4 | അവിവാഹിത പെൻഷൻ | 145 |
| 5 | വിധവ പെൻഷൻ | 314 |
| | | 4171 |

ധനകാര്യ വകുപ്പിന്റെ 23-9-20-ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം, മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യവകുപ്പിന്റെ 5-11-20-ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഗുണഭോക്താക്കളുടെ എക്കൗണ്ടിലേക്ക് തുക നൽകിയത് മൂലം സാമ്പത്തികനഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും, സാമ്പത്തിക നഷ്ടം ഉള്ള പക്ഷം ആയത് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇതു പ്രകാരം പഞ്ചായത്തിൽ താത്കാലികമായി നിർത്തലാക്കിയ പെൻഷൻകാരുടെ വിവരങ്ങൽ ചുവടെ ചേർക്കുന്നു.

| ക്രമ നം. | | 2021 | 2022 |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 15 | 17 |
| 2 | വാർദ്ധക്യകാല പെൻഷൻ | 80 | 191 |
| 3 | വികലാംഗ പെൻഷൻ | 12 | 7 |
| 4 | അവിവാഹിത പെൻഷൻ | 2 | 3 |
| 5 | വിധവ പെൻഷൻ | 53 | 79 |
| | | 162 | 297 |

നിലവിൽ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പെൻഷനുകൾ നിർത്തലാക്കാൻ സാധിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ പെൻഷൻ ഗുമഭോക്താക്കൾ മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ വെച്ച് മരണപ്പെട്ടാൽ അക്കാര്യം യഥാസമയം അറിയുന്നതിനുള്ള സംവിധാനം നിലവിലില്ല. ഓരോ വാർഡിലേയും ജനപ്രധിനിധികൾ വഴി മാത്രമാണ് വിവരങ്ങൾ അറിയുവാൻ സാധിക്കുന്നത്. അപാകതകൾ പരിഹരിക്കുന്നതിന് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്താവുന്നതാണ്.

## 1-38 എം.സി.എഫി-ലേക്ക് ഹൈഡ്രോലിക് ബെയ്‌ലിംഗ് മെഷീൻ, വെയിംഗ് മെഷീൻ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നം - 259/22

വൗച്ചർ നം - XVFC/2021-22/P/ 53/22.3.22-556500

- XVFC/2021-22/P/ 54/22.3.22-22498

പദ്ധതി പ്രകാരം ബെയ്‌ലിംഗ് മെഷീൻ വാങ്ങുന്നതിന് ക്ലീൻ കേരള കമ്പനി ലിമി., വഴുതക്കാട് ഹാജരാക്കിയ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ (ഇൻവോയ്സ് നം. - 39/ 21.3.22) 556500 രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.

വെയിംഗ് മെഷീൻ ഗംഗ കോർപ്പറേഷൻ കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് (ഇൻവോയ്സ് നം. - 21-22/00123/20.3.22) 22498 രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ

- ക്ലീൻ കേരള കമ്പനി ലിമി. എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ ഉത്തരവ് പ്രകാരം

- ക്ലീൻ കേരള കമ്പനി ലിമി. എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് സ്ഥാപനത്തിന് തുക മുൻകൂർ അനുവദിക്കുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

- ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ/ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടാണോ മെഷിനറികൾ വാങ്ങിയിട്ടുള്ളത് എന്നത് വ്യക്തമല്ല.

- മെഷിനറി ലഭ്യമായതായി സ്ഥാപനത്തിന്റെ ഇൻവോയ്സോ, ഇൻസ്റ്റാലേഷൻ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല.

-ഇപ്രകാരം മെഷിനറി വാങ്ങുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമോ തീരുമാനം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക: 578998 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി 10/2.2.23)

## 1-39 ലൈഫ് ഫ്ലാറ്റ് നിർമ്മാണത്തിന് സ്ഥലം വാങ്ങൽ - വഴിസൗകര്യമില്ലാത്ത സ്ഥലം വാങ്ങി - പഞ്ചായത്തിന് അധിക ചെലവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
പ്രോജക്ട് നം. - 90/22

വൗച്ചർ നം. - 22100743/31.3.22 - 2532100

ലൈഫ് മൂന്നാം ഘട്ടത്തിൽ ഭവനരഹിത ഭൂരഹിത കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന് തളിക്കുളം പഞ്ചായത്തിൽ താത്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഭൂമി വാങ്ങുന്നതിനാണ് പ്രൊജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. പദ്ധതിയ്ക്കായി 400000 രൂപ തനത് ഫണ്ടും 15000000 രൂപ മറ്റുള്ളവയിലുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയ്ക്കായി 5000000 രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.

ബീന, D/o. ബാലകൃഷ്ണൻ, ഐനിക്കാട്ട് പറമ്പിൽ, തളിക്കുളം എന്നവരുടെ കൈവശമുള്ള തളിക്കുളം വില്ലേജിൽ 286/02 സർവേ നമ്പറിൽപ്പെട്ട 19 ആർ 42 ച.മീ സ്ഥലം വില്ക്കുന്നതിന് സമ്മതം അറിയിക്കുകയും തുടർന്ന് ഈ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

22.12.21-ലെ വില്ലേജ് ഓഫീസർ തളിക്കുളത്തിന്റെ സാക്ഷ്യപത്ര പ്രകാരം 286/02 സർവേ നമ്പറിൽപ്പെട്ട ഭൂമിയ്ക്ക് Residential Plot With Panchayath Road Access എന്ന ഇനത്തിൽ ഒരു ആറിന് 250000 രൂപ ന്യായവിലയുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ മേൽ സർവേ നമ്പറിൽപ്പെട്ട സ്ഥലത്തിന് വില്ലേജ് ഓഫീസർ ഹാജരാക്കിയ ലൊക്കേഷൻ മാപ്പ് പ്രകാരം വഴിസൗകര്യമില്ലാത്തതായി കാണുന്നു.

അസിസ്റ്റന്റ് എഞ്ചിനീയറുടെ 14.1.22-ലെ 62/AE/LSGD/TKM/GEN/22-23കത്ത് പ്രകാരം പ്രസ്തുത സ്ഥലം പാർപ്പിടം പണിയുന്നതിന് അനുയോജ്യമാണെന്നും KPBR 2019 പ്രകാരമുള്ള പ്രവേശന മാർഗ്ഗം ചുരുങ്ങിയത് 3 മീറ്റർ ഉണ്ടാകണമെന്ന് ഉറപ്പാക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്.

ചാവക്കാട് തഹസിൽദാറുടെ 26.3.22-ലെ ഭൂവില നിർണ്ണയ സർട്ടിഫിക്കറ്റ് (എ5-1843/2022/kdis) പ്രകാരം ഒരു ആറിന് 100000 രൂപ വിലയുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും അനുയോജ്യതാ സാക്ഷ്യപത്രം ലഭിക്കുന്നതിനായി അപേക്ഷിച്ചിരുന്നു. കൂടാതെ സ്ഥലത്തേക്ക് വഴി ഇല്ലാത്തതിനാൽ ശ്രീ. അറക്കവീട്ടിൽ കൊച്ചു മകൻ മുഹമ്മദ് എന്നവരുടെ 286/4 സർവെ നമ്പർ ഭൂമി വഴിയായി 12 അടി സ്ഥലം വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയതിനാൽ ആയതിന്മേൽ തുടർനടപടികൾക്കായും കത്ത് നൽകിയിരുന്നു. അനുയോജ്യതാ സാക്ഷ്യപത്രം ,വഴി ഉറപ്പുവരുത്തി മാത്രമേ അനുവദിക്കു എന്നും അതുകൊണ്ട് വഴിക്കായി വാങ്ങാൻ ഉദ്ദേശിക്കുന്ന

സ്ഥലത്തിന്റെ മുഴുവൻ രേഖകളും അനുയോജ്യത സാക്ഷ്യപത്രത്തിനെന്നപോലെ സമർപ്പിക്കുവാനും ആവശ്യപ്പെട്ടു കാണുന്നു. എന്നാൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും അനുയോജ്യത സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് സ്ഥലം വാങ്ങിയിരിക്കുന്നത് എന്ന് കാണുന്നു.

2524600 രൂപ തീറുവില കണക്കാക്കിയാണ് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തീറാധാരം എഴുതിയിരിക്കുന്നത്. ജില്ലാ കളക്ടർ നിശ്ചയിച്ച വില ആർ ഒന്നിന് 100000 രൂപയാണെന്നിരിക്കെ 19.42 ആർ ഭൂമിയ്ക്ക് 30% വരെ സെലേഷ്യം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അധിക വില നൽകുന്നതിന് തീരുമാനിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല.

സ്ഥലത്തേക്ക് വഴി ഇല്ലാത്തതിനാൽ ശ്രീ അറക്കവീട്ടിൽ കൊച്ചു മകൻ മുഹമ്മദ് എന്നവരുടെ 286/4 സർവെ നമ്പർ ഭൂമിയിൽ നിന്നും 12 അടി സ്ഥലം വഴിയായി വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയിരുന്നു. എന്നാൽ പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിന്റെ തീറാധാരത്തിലെ വസ്തു വിവര പട്ടിക പ്രകാരം ടിയാന്റെ വസ്തുവുമായി പഞ്ചായത്ത് വാങ്ങിയ സ്ഥലം അതിർത്തി പങ്കിടുന്നില്ല എന്ന് കാണുന്നു. പിന്നെ എങ്ങനെയാണ് ഈ സ്ഥലത്തേക്ക് ടിയാനിൽ നിന്നും വഴി വാങ്ങുന്നത് എന്ന് വ്യക്തമല്ല.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി സാക്ഷ്യപത്രം ഇല്ലാതെ വഴി സൗകര്യമില്ലാത്ത ഭൂമി ഫ്ലാറ്റ് നിർമ്മാണത്തിനായി വാങ്ങിയതിനും വഴി സൗകര്യമില്ലാതിരുന്നിട്ടുകൂടി ജില്ലാകളക്ടർ നിശ്ചയിച്ച വിലയേക്കാൾ കൂട്ടി സെലേഷ്യം അനുവദിച്ചു നൽകിയതിന്റെ ഏകകണ്ഠമായ പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കാത്തതിനും, ഫ്ലാറ്റ് നിർമ്മാണത്തിനായി വാങ്ങിയ ഭൂമിയുമായി അതിർത്തി പങ്കിടാത്ത സ്ഥലത്തിന്റെ ഉടമയിൽ നിന്നും ടി സ്ഥലത്തേക്ക് വഴി വാങ്ങുന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/2.2.23) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതാണ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

വഴി സൗകര്യമില്ലാത്ത സ്ഥലം വാങ്ങിയതുമൂലം പിന്നീട് സ്ഥലത്തേക്ക് വഴി സൗകര്യത്തിന് വെറെ സ്ഥലം വാങ്ങേണ്ടിവരുന്നതുമൂലം പഞ്ചായത്തിന് അധിക ചെലവ് വരുന്നതാണ്. ഇത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ കാരണങ്ങളാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 2532100 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 2020-21വർഷത്തെ ബിറ്റുമിൻ അധികം വില നൽകൽ - ചെലവ് അംഗീകരിക്കുന്നില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 217/22 പ്രകാരം “2020-21 വർഷത്തെ ബിറ്റുമിൻ അധിക വില നൽകൽ” എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 22100105/16.10.2021 പ്രകാരം 407481 രൂപ ചെലവഴിച്ചിട്ടുണ്ട്. കാർത്തികേയൻ സി. കെ എന്നയാളുടെ അക്കൌണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. പ്രോജക്ട് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 3/31.1.2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

1. 2020-21 സാമ്പത്തിക വർഷത്തിൽ ബിറ്റുമിൻ വർക്കുകൾ ചെയ്ത കരാറുകാരുടെ എണ്ണം.

2. കാർത്തികേയൻ സി കെ എന്ന കരാറുകാരന് മാത്രം ബിറ്റുമിന്റെ അധിക വില അനുവദിച്ചതിന്റെ കാരണം.

3. ബിറ്റുമിന്റെ അധിക വില കണക്കാക്കുന്നതിന് ആധാരമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ്, ടെണ്ടർ, ബിറ്റുമിൻ വാങ്ങിയ ഇൻവോയ്സ് എന്നിവ.

4. ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡ് വർക്കുകളുടെ ടെണ്ടർ പരസ്യത്തിൽ ബിറ്റുമിന്റെ അധിക വില കരാറുകാർക്ക് നൽകുന്നതാണ് എന്ന് ചേർത്തിരുന്നോ എന്ന വിവരം.

5. കരാറുകാരുമായുള്ള എഗ്രിമെന്റിൽ ബിറ്റുമിന്റെ അധിക വില പഞ്ചായത്ത് നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നോ എന്ന വിവരം.

മുകളിൽ പറഞ്ഞ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സി.കെ.കാർത്തികേയൻ എന്ന കരാറുകാരൻ മാത്രമാണ് 2020-21 വർഷത്തെ ബിറ്റുമിൻ പ്രവൃത്തികൾ ചെയ്തത് എന്ന് അറിയിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടറിലും റീ-ടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ അടിസ്ഥാനത്തിലാണ് പ്രവൃത്തികൾ നടപ്പാക്കിയത് എന്ന് അറിയിച്ചിട്ടുണ്ട്. ടി ക്വട്ടേഷനിൽ ബിറ്റുമിൻ അധികവില അനുവദിക്കണമെന്ന വ്യവസ്ഥ പ്രകാരമാണ് കരാറുകാരൻ പ്രവൃത്തി ചെയ്തു തരാമെന്ന് സമ്മതിച്ച് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. ശ്രീ കാർത്തികേയൻ മാത്രമാണ് ക്വട്ടേഷൻ സമർപ്പിച്ചതായി കാണുന്നത്. എന്നാൽ ക്വട്ടേഷൻ നോട്ടീസിൽ ഇല്ലാത്ത ഒരു വ്യവസ്ഥ ക്വട്ടേഷനോടൊപ്പമുള്ള ഷെഡ്യൂളിൽ എഴുതി ചേർത്തത് പഞ്ചായത്ത് അംഗീകരിച്ചതായി യാതൊരു രേഖയുമില്ല. മാത്രമല്ല കരാറുകാരനുമായുള്ള എഗ്രിമെന്റിലും ബിറ്റുമിന്റെ അധികവില നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളില്ല. സാധാരണ എഗ്രിമെന്റ് മാതൃകയിലാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത് എന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. 2021-22 വർഷത്തെ പ്രവൃത്തികളുടെ എഗ്രിമെന്റുകളിലും ബിറ്റുമിൻ അധികവില നൽകുന്നതു സംബന്ധിച്ച വ്യവസ്ഥകളില്ല. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളും ഏതാനും ചില പ്രവൃത്തികളുടെ ലിസ്റ്റ്, എസ്റ്റിമേറ്റ്, ക്വട്ടേഷൻ എന്നിവയുടെ പകർപ്പും ഓഡിറ്റിൽ ഹാജരാക്കി. എന്നാൽ നൽകിയ തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ വർക്ക് ഫയൽ ഉൾപ്പെടെ മുഴുവൻ രേഖകളും ഹാജരാക്കിയില്ല. 28.09.2020-ലെ 5/AE/LSGD/TKM/20-21 നമ്പറിലുള്ള തളിക്കുളം ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ ക്വട്ടേഷൻ പരസ്യത്തിൽ ബിറ്റുമിൻ ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ കരാറുകാർ ഹാജരാക്കണമെന്നും ബില്ലിലെ തുക കരാറുകാർ ക്വാട്ട് ചെയ്ത് അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതലായാലും കുറവായാലും അംഗീകരിക്കപ്പെട്ട നിരക്ക് മാത്രമേ നൽകുകയുള്ളൂ എന്നും ചേർത്തിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായിട്ടാണ് ബിറ്റുമിന്റെ മാർക്കറ്റ് വിലയും എസ്റ്റിമേറ്റ് നിരക്കും തമ്മിലുള്ള വ്യത്യാസം കരാറുകാരന് അനുവദിച്ചുനൽകിയിട്ടുള്ളത്. മാത്രമല്ല ബിറ്റുമിന് മാർക്കറ്റ് റേറ്റ് അനുവദിക്കുന്നത് സംബന്ധിച്ച വിവരം ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തുകയും അതനുസരിച്ച് കരാറുകാർക്ക് പ്രവൃത്തിയുടെ നിരക്ക് ക്വാട്ട് ചെയ്യാൻ അവസരം ലഭിക്കുകയും ചെയ്താൽ മാത്രമേ ഇത്തരത്തിൽ ബിറ്റുമിന്റെ മാർക്കറ്റ് റേറ്റ് അനുവദിക്കുന്നതിന് യുക്തിയുള്ളൂ. കരാറുകാരനുമായുള്ള എഗ്രിമെന്റിലും ബിറ്റുമിന് മാർക്കറ്റ് നിരക്ക് അനുവദിക്കുന്നതു സംബന്ധിച്ച വ്യവസ്ഥകൾ ചേർത്തിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കുന്നതു സംബന്ധിച്ചാണ് കരാറിൽ വ്യവസ്ഥകൾ ചേർത്തിട്ടുള്ളത്. ക്വട്ടേഷൻ നോട്ടീസിലെ വ്യവസ്ഥയ്ക്കു വിരുദ്ധമായും, കരാറിൽ ഒരിടത്തും ബിറ്റുമിന്റെ മാർക്കറ്റ് വില അനുവദിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്യാതെയും, പ്രവൃത്തികളുടെ കരാറിൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നടത്തുമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ട് എഗ്രിമെന്റ് വച്ച് പ്രവൃത്തി പൂർത്തീകരിച്ച് പ്രതിഫലം കൈപ്പറ്റി ഒരു വർഷം കഴിഞ്ഞ് എസ്റ്റിമേറ്റ് നിരക്കും മാർക്കറ്റ് വിലയും തമ്മിലുള്ള വിലവ്യത്യാസമായി 407481 രൂപ കരാറുകാരന് നൽകിയത് ക്രമപ്രകാരമല്ല എന്നതിനാൽ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക (ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ളത് മാത്രം. മുൻവർഷങ്ങളിലെ തുക ഉൾപ്പെടാത്തതിനാൽ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല) |
| KWA | Pr.No. 279- Small Drinking Water Project In Wards 4 And 5 Pipeline Extension | 253000 | -- | 253000 |
| KSEB | Pr.no.281 – Street Line Extension Phase II | 305274 | -- | 305274 |
| KSEB | -Do- | 302405 | -- | 302405 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

4-4 സ്ഥിര നിക്ഷേപം

ഇല്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലൈഫ് പദ്ധതി | 68/2018 | 5933980 | 15129334 | 2053334 | 0 | 13076000 |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ (ലഭ്യമാക്കിയ മറുപടി) |
|---|---|---|---|---|---|---|
| 1 | 2003-04 | 3-1 | 2006-07 | 3-5-3-1 | അംബേദ്ക്കർ | 4400/- രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | റോഡ് നിർമ്മാണപ്രവൃത്തി | അടവാക്കി. |
| 2 | 2005-06 | 3-19 | 2009-10 | 2-10(15) | SSA-UC | സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട്. |
| 3 | 2005-06 | 3-20 | 2009-10 | 2-10(15) | ഹഡ്കോ ലോൺ തിരിച്ചടവ് | സമിതി മുൻപാകെ മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 4 | 2014-15 | 2-1 | 2016-17 | 2-1 | സ്ഥാപന തൊഴിൽനികുതി അടവാക്കാത്തതു സംബന്ധിച്ച് | തുക അടവാക്കിയിട്ടുണ്ട്. |
| 5 | 2014-15 | 2-2 | 2016-17 | 2-2 | തൊഴിൽനികുതി നിർണ്ണയത്തിനുള്ള നടപടി സ്വീകരിച്ചിട്ടില്ല | ഓഡിറ്റ് നിർദ്ദേശങ്ങൾ തുടർവർഷങ്ങളിൽ പാലിച്ചിട്ടുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98027418 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90442549 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 524087 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2963132 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

1) സർച്ചാർജ് നടപടി വഴി ഈടാക്കേണ്ടത്

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 407481 | ബിന്ദു എം. യു, അസിസ്റ്റന്റ് എഞ്ചിനീയർ |

2.ഭരണതല നടപടിയിലൂടെ ഈടാക്കേണ്ട തുക

| | | |
|---|---|---|
| 1-25 | 97449 | ശരണ്യ ഇ കെ, അസി.എഞ്ചിനീയർ |
| 1-25 | 7896 | ബിന്ദു എം യു, അസി.എഞ്ചിനീയർ |
| 1-26 | 6352 | ശരണ്യ ഇ കെ, അസി.എഞ്ചിനീയർ |
| 1-27 | 4909 | ശരണ്യ ഇ കെ, അസി.എഞ്ചിനീയർ |
| ആകെ | 116606 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 109600 | ശ്രീമതി സുധ.ജെ, സെക്രട്ടറി |
| 1-29 | 162000 | ശ്രീമതി സുധ.ജെ, സെക്രട്ടറി |
| 1-34 | 12000 | ശ്രീ ഫ്രാൻസിസ് ഒ.എം, സെക്രട്ടറി |
| | 48000 | ശ്രീമതി സുധ.ജെ, സെക്രട്ടറി |

| | | |
|---|---|---|
| 1-36 | 159432 | ശ്രീ അൻസിൽ പി. എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-38 | 578998 | ശ്രീമതി സുധ.ജെ, സെക്രട്ടറി |
| 1-39 | 2532100 | ശ്രീമതി സുധ.ജെ, സെക്രട്ടറി |
| ആകെ | 2963132 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുധ.ജെ, സെക്രട്ടറി | സെക്രട്ടറി, തളിക്കുളം ഗ്രാമപഞ്ചായത്ത് | കണ്ണംകുളത്ത് ഹൗസ് പി. ഒ പുല്ലഴി |
| ബിന്ദു എം. യു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മതിലകം ബ്ലോക്ക് പഞ്ചായത്ത് | കാര്യങ്ങാട്ടിൽ ഹൗസ് പി. ഒ പുല്ലൂർ |
| ശരണ്യ ഇ. കെ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ എൻ.ആർ.ഇ.ജി.എസ്, തളിക്കുളം ഗ്രാമപഞ്ചായത്ത് | പള്ളിയിൽ ഹൗസ് അന്തിക്കാട് |

4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1992-93 മുതൽ 1995-96 വരെ | LFT 10-1728/97 Dtd.08.06.98/ 05.08.98 | 1 | 11 | CASE |
| 2 | 1998-99 ചെലവ് | LFT 14-1547/2000 Dtd.02.02.01 | 1 | 29 | |
| 3 | 1999-2000 | LFT 14-212/2003 Dtd.04.07.03/ 11.08.03 | 2 | 43, 45 | സർചാർജ് |
| 4 | 2001-02 (ജനകീയാസൂത്രണം) | LFT 14-1735/2003 Dtd.23.02.2004 | 2 | 7, 10 | |
| 5 | 2003-04 | LFT 14-1864/2005 Dtd.08.02.2006/ 27.07.06 | 1 | 3-11 | CAR |

| | | | | | |
|---|---|---|---|---|---|
| 6 | 2004-05 | LFT 14-316/2007<br>Dtd.29.03.2007 | 1 | 3-5 | |
| 7 | 2005-06 | LFT 14-1963/08<br>Dtd.29.12.2009 | 3 | 2-1, 3-18, 3-19 | 3-19 - CAR |
| 8 | 2006-07 | LFT 14-669/10<br>Dtd.16.09.10/ 31.03.11 | 2 | 3-3, 3-10 | |
| 9 | 2007-08 | LFT 14-1068/10<br>Dtd.31.01.11/ 29.06.11 | 3 | 3-1എ,ബി<br>3-3 | |
| 10 | 2009-10 | LFT (P1)1251/13<br>Dtd.15.11.13 | 1 | 3-11 | |
| 11 | 2011-12 | LFT (P1)364/13<br>Dtd.12.06.13/ 04.11.13 | 1 | 2-5 | |
| 12 | 2012-13 | LFT (P1)31/14<br>Dtd.04.03.14/ 04.04.14 | 5 | 3-2, 3-3സി,<br>3-9,<br>3-15, 3-22 | |
| 13 | 2013-14 | KSA-TSR(P1) 30/16<br>Dtd.22.01.16 | 4 | 3-1, 3-7, 3-20,<br>3-21 | |
| 14 | 2014-15 | KSA-TSR(P1) 1197/16<br>Dtd.21.07.16 | 3 | 2-1, 2-2, 3-8 | 2-1 - CAR |
| 15 | 2015-16 | KSA-TSR(P2) 9/17<br>Dtd.30.01.17 | 1 | 3-2 | |
| 16 | 2016-17 | KSA-TSR(P1) 1525/17<br>Dtd.28.11.17/ 07.12.18 | 4 | 2-7, 3-10, 3-12,<br>3-13 | |
| 17 | 2017-18 | KSA-TSR(P1) 873/19<br>Dtd.19.06.19 | 9 | 2-4(1)(2)(3)(6),<br>2-5(1), 3-3, 3-7,<br>3-8, 3-12, 3-14,<br>3-16, 3-18 | |
| 18 | 2018-19 | KSA-TSR(P14) 1219/20<br>Dtd.30.12.20 | 9 | 1-15, 1-16, 1-17,<br>1-20, 1-23,<br>1-24, 1-26(1),<br>1-28, 1-30 | |
| 19 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ.<br>(പി.14)908 /2022 തീയതി<br>01/07/2022 | 43 | 1-10 മുതൽ 1-52<br>വരെ | |
| 20 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ.<br>(പി.14)990 /2022<br>തീയ്യതി: 01/07/2022 | 51 | 1-10 മുതൽ 1-60<br>വരെ | |
| | ആകെ | | 147 | | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്